## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയങ്ങൾ

### ഉള്ളടക്കം ചുരുക്കത്തിൽ

1) രാഷ്ട്രീയ പ്രമേയം
2) മിനിമം വേതനം ശാസ്ത്രീയമായി നിശ്ചയിച്ച് കർശനമായി നടപ്പിലാക്കണം
3) ഫെയർവേജ് നിയമം രൂപീകരിച്ച് കർശനമായി നടപ്പിലാക്കണം
4) കോൺട്രാക്ട് ലേബർ സിസ്റ്റം പൂർണ്ണമായും അവസാനിപ്പിക്കണം
5) E.P.F ശമ്പളപരിധി പൂർണ്ണമായും നീക്കം ചെയ്യണം
6) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (E.S.I) പദ്ധതി മുഴുവൻ തൊഴിലാളികൾക്കും ബാധകമാക്കണം
7) ബോണസ്സ് അർഹതാ ശമ്പളപരിധിയും ബോണസ്സ് തുകയുടെ പരിധിയും പൂർണ്ണമായും ഒഴിവാക്കണം
8) ബാങ്കറപ്സി കോഡും നാഷണൽ കമ്പനി ലോ ട്രിബ്യൂണലും റദ്ദ് ചെയ്യണം
9) പൊതുമേഖല സംരക്ഷിച്ച് ശക്തിപ്പെടുത്തണം
10) വിലക്കയറ്റം തടയുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം
11) സ്കീം വർക്കേഴ്സിനെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം
12) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാലോചിതവും മനുഷ്യത്വപരമായും നടപ്പിലാക്കണം.
13) തോട്ടം തൊഴിലാളികളുടെ സേവന - വേതന വ്യവസ്ഥകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പിലാക്കണം.
14) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കണം
15) മോട്ടോർ വ്യവസായമേഖല സംരക്ഷിക്കപ്പെടണം

16) കർഷകതൊഴിലാളി സംരക്ഷണം ഉറപ്പ് വരുത്തുവാൻ സമഗ്രപദ്ധതി രൂപീകരിക്കണം

17) മത്സ്യതൊഴിലാളികളുടെ ജീവിതസംരക്ഷണം ശാസ്ത്രീയമായി ഉറപ്പ് വരുത്തണം

18) കയറ്റിറക്ക് തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കപ്പെടണം

19) KSRTC യെ മാതൃക പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിപ്പിക്കണം

20) നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷനെ പൊതുമേഖലയിൽ സംരക്ഷിക്കണം

21) ഗ്രാറ്റുവിറ്റി ആനുകൂല്യം ഉയർത്തണം

22) 2022 ലെ കേന്ദ്ര ഇലക്ട്രിസിറ്റി ഭേദഗതിബിൽ ഉപേക്ഷിക്കുക

23) തൊഴിൽ നിയമങ്ങൾ കർശനമാക്കി തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തണം

24) കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പ് വരുത്തണം

25) ജിഗ് വർക്കേഴ്സിനെയും, പ്ലാറ്റ്ഫോം വർക്കേഴ്സിനെയും സംരക്ഷിക്കുവാൻ പ്രത്യേക നിയമനിർമ്മാണം നടത്തണം

26) തൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം

27) സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിൽ അടിയന്തിരനിയമനം നടത്തണം



**വി.ജെ. ജോസഫ്**
ജനറൽ സെക്രട്ടറി

***NB:*** ഈ പ്രമേയങ്ങൾ പ്രിന്റ് എടുത്ത് വായിക്കുകയും, യൂണിയൻ മീറ്റിംഗുകളിലും തൊഴിലാളി യോഗങ്ങളിലും ഈ വിഷയങ്ങൾ വിശദീകരിക്കുകയും ചെയ്യേണ്ടതാണ്.

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന

## രാഷ്ട്രീയ പ്രമേയം

2023 ലെ കണക്ക് പ്രകാരം രാജ്യത്തെ 143 കോടി ജനങ്ങളിൽ 62 കോടിയും സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളാണ്. വ്യവസായ-വാണിജ്യ-കാർഷിക-മത്സ്യ-സേവന മേഖലകളിലെ ഈ തൊഴിലാ ളികളുടെ അദ്ധ്വാനമാണ് രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദനം അഥവാ GDP. സാമൂഹിക-സാമ്പത്തിക-വികസന പുരോഗതി നിയന്ത്രിക്കുന്നത് ഈ ആഭ്യന്തര ഉൽപാദനമാണ്. തൊഴിലാളികൾക്ക് ലഭ്യമാകുന്ന വരുമാനവും, അവരുടെ വാങ്ങൽ ശേഷിയും വാണിജ്യ മേഖലയ്ക്ക് ഉണർവ് നൽകുന്നു. ഉൽപാദന മേഖലകൾ ഏകോപിപ്പിക്കുന്നതും വിവിധ ഇനം നികുതികളിലായി സർക്കാർ ഖജനാവിലേയ്ക്ക് ധനം എത്തുന്നതും ഇതുമൂലമാണ്. ബ്രിട്ടീഷ് ഭരണക്കാ ലത്തും ഇത് തന്നെ ആയിരുന്നു പൊതുസ്ഥിതി.

ഇത് മനസ്സിലാക്കിയ ഗാന്ധിജി തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി. 1917 ൽ ഗാന്ധിജി നയിച്ച ചമ്പാരൻ നീലം കർഷക തൊഴിലാളി പ്രക്ഷോഭം, ഇതിന്റെ തുടക്കമായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് പ്രേരണയായി മാറിയ 1773 ലെ ബോസ്റ്റൺ ടീ പാർട്ടി തൊഴിലാളി പ്രക്ഷോഭത്തിന് സമാനമായ ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രക്ഷോഭ ങ്ങളുടെ തുടക്കമായി ചമ്പാരൻ തൊഴിലാളി സമരം മാറിയത് ഒരു നിമിത്തവും യാദൃച്ഛികവും ആണ്.

എ. ഒ. ഹ്യൂമിന്റെ താൽപര്യത്താൽ 1884 ൽ ഇൻഡ്യൻ നാഷണൽ യൂണി യനായി രൂപമെടുത്ത സംഘടന 1885 ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ആയി മാറി. ആരംഭത്തിൽ വരേണ്യ വർഗ്ഗത്തിന്റെ താല്പര്യസംരക്ഷണം മാത്ര മായിരുന്ന കോൺഗ്രസ്സിന് വ്യക്തമായ ജനകീയ ദിശാബോധം കൈവരുന്നത് 1917 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ചമ്പാരൻ നീലം കർഷകതൊഴി ലാളി സമര വിജയത്തോടുകൂടിയാണ്. പിന്നാലെ നടന്ന ഖേഡ കർഷകതൊഴി ലാളി പ്രക്ഷോഭ വിജയവും, അഹമ്മദാബാദ് തുണിമിൽ തൊഴിലാളി സമരവിജ യവും, ദേശീയ ട്രേഡ് യൂണിയൻ രൂപീകരണത്തിന് തുടക്കമിട്ട് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് രൂപീകരിക്കപ്പെട്ടു. 1919 ലെ റൗലറ്റ് നിയമത്തിനെ തിരെ നടന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി ജാലിയൻ വാലാ ബാഗ് സംഭവത്തിൽ ആയിരക്കണക്കിന് പേർ രക്തസാക്ഷികളായപ്പോൾ അതിൽ ബഹുഭൂരിപക്ഷവും തൊഴിലാളികളായിരുന്നു. ഇതിന് പിന്നാലെ നടന്ന നിയമലംഘന സമരങ്ങളിൽ മുന്നണി പോരാളികളായി തൊഴിലാളികൾ രംഗത്തിറങ്ങി.

വർഗ്ഗീയ-ജാതിമത ഭിന്നിപ്പ് ഭരണ രാഷ്ട്രീയം 1905 ലെ ബംഗാൾ വിഭജനം മുതൽ ബ്രിട്ടീഷുകാർ ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി 1906 ൽ മുസ്ലീംലീഗും, 1909 ൽ പഞ്ചാബ് ഹിന്ദുസഭയും, 1915 ൽ അഖിലഭാരത ഹിന്ദുമഹാസഭയും, 1923 ൽ ബഹിഷ്കൃതസഭയും, 1925 ൽ ആർ.എസ്സ്.എസ്സും, 1925 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും രംഗത്ത് വന്നു. ഇവരെല്ലാവരും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബ്രിട്ടീഷ്കാരുടെ സൃഷ്ടിയായിരുന്നു. പരസ്പരം പോരടിക്കുക എന്നതായിരുന്നു ഈ വിവിധ വിഭാഗങ്ങളുടെ പ്രധാന പ്രവർത്തനം. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും തരാതരം പോലെ ബ്രിട്ടീഷുകാർ നൽകിവന്നു.

ഈ വർഗ്ഗീയ-ജാതി തീവ്രപ്രസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെയും, സാധാരണ ജനങ്ങളെയും മോചിപ്പിക്കുവാൻ കോൺഗ്രസ്സ് രൂപീകരിച്ച ആശയമാണ് 1931 ലെ കറാച്ചി പ്രമേയം. 1773 ൽ ബോസ്റ്റൺ ടീ പാർട്ടി സമരത്തോടെ ആരംഭിച്ച അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ രൂപപ്പെടുത്തിയ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപന രേഖയ്ക്ക് (Declaration of American Independence) സമാനമായിരുന്നു കോൺഗ്രസ്സിന്റെ കറാച്ചി പ്രമേയം. സ്വാതന്ത്ര്യം ലഭിച്ചാൽ തൊഴിലാളികൾക്കും സാധാരണക്കാർക്കും വേണ്ടി ചെയ്യാൻ പോകുന്ന അടിസ്ഥാന കാര്യങ്ങളുടെ പ്രഖ്യാപനമായിരുന്നു ഈ പ്രമേയത്തിലെ ഉള്ളടക്കം. എല്ലാ ജാതിമത വർഗ്ഗീയ വിഘടന വിഭാഗങ്ങളെയും തള്ളിക്കളഞ്ഞ് രാജ്യത്തെ തൊഴിലാളികളെയും സാധാരണക്കാരെയും കോൺഗ്രസ്സിൽ അണിനിരത്തിയത് ഈ കറാച്ചി പ്രമേയമാണ്. 1931 മുതൽ 1946 വരെയുള്ള സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിലും, ഏറ്റവും അവസാനം നടന്ന ക്വിറ്റ് ഇന്ത്യാ സമരത്തിലും തൊഴിലാളികൾ കോൺഗ്രസ്സിന്റെ മുന്നണി പോരാളികളായിരുന്നു. അവരിൽ ആയിരങ്ങൾക്ക് ജീവൻ നഷ്ടമായി. പതിനായിരങ്ങൾ അംഗവൈകല്യം സംഭവിച്ചവരായി. ജയിലറകൾ നിറയ്ക്കപ്പെട്ടപ്പോൾ അതിൽ ബഹുഭൂരിപക്ഷവും തൊഴിലാളികളായിരുന്നു. ഈ കാലങ്ങളിലൊന്നും KSU ഉം, യൂത്ത് കോൺഗ്രസ്സും, NSUI ഉം, മഹിളാ കോൺഗ്രസ്സും രാജ്യത്തുണ്ടായിരുന്നില്ല.

തൊഴിലാളികളുടെ ത്യാഗങ്ങളെ അംഗീകരിച്ച് സ്വതന്ത്ര ഇൻഡ്യയിലെ ഭരണഘടന നിർമ്മാണ സഭയിലും കേന്ദ്ര-സംസ്ഥാന നിയമനിർമ്മാണ സഭകളിലും സംഘടനാ രംഗത്തും തൊഴിലാളികൾക്ക് മതിയായ പ്രാതിനിധ്യം നൽകുവാൻ കോൺഗ്രസ്സ് എന്നും ശ്രദ്ധിച്ചിരുന്നു. കോൺഗ്രസ്സ് രൂപീകരിച്ച വ്യവസായ - സാമ്പത്തിക നയങ്ങളും, സോഷ്യലിസ്റ്റ് ആശയങ്ങളും തൊഴിലാളി സംരക്ഷണ നിയമനിർമ്മാണങ്ങളും തൊഴിലാളിപക്ഷ രാഷ്ട്രീയം ഉയർത്തി പിടിച്ചു. തൊഴിലാളികളോടുള്ള പ്രതിബദ്ധത നിലനിർത്തി ഭരണഘടനയിൽ 1931 ലെ കറാച്ചി പ്രമേയ ഉള്ളടക്കം പൂർണ്ണമായും ഉൾപ്പെടുത്താൻ കോൺഗ്രസ്സ് പ്രത്യേകം ശ്രദ്ധിച്ചു.

എന്നാൽ തൊഴിലാളികളെ പാർശ്വവൽക്കരിച്ചും അവരുടെ അവകാശങ്ങൾ അവഗണിച്ചും സോഷ്യലിസ്റ്റ് നടപടികൾ ഉപേക്ഷിച്ചും ഉള്ള നീക്കങ്ങൾ രാജ്യത്ത് ഉണ്ടായപ്പോൾ ജാതി - മത - വർഗ്ഗീയ ശക്തികൾ മുതലാളിപക്ഷ

രാഷ്ട്രീയം ഉയർത്തി അധികാരത്തിലെത്തി. കോൺഗ്രസ്സ് മുക്തഭാരതം, നെഹ്റു മുക്തഭാരതം എന്ന അട്ടഹാസം മുഴക്കി നിലവിലെ ഭരണകൂടം തൊഴിലാളികളുടെ അവകാശങ്ങൾ പൂർണ്ണമായി ഹനിച്ചിരിക്കുന്നു.

വിലക്കയറ്റം അതിരൂക്ഷമാണ്. തൊഴിലാളികൾക്ക് മിനിമം വേതനം പോലും ലഭ്യമാകുന്നില്ല. സ്ഥിരം നിയമനങ്ങൾ ഇല്ലാതായിരിക്കുന്നു. പഴയ കങ്കാണി സമ്പ്രദായത്തിന് സമാനമായ കരാർ ജോലികൾ വ്യാപകം. തൊഴിൽ മേഖലകളിലാകെ ഹയർ ആന്റ് ഫയർ സമ്പ്രദായം നടപ്പാക്കിയിരിക്കുന്നു. എല്ലാ തൊഴിൽ നിയമങ്ങളും റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. കമ്പനി നിയമവും ഫാക്ടറി നിയമവും കോർപ്പറേറ്റുകൾക്കായി പരിഷ്കരിച്ചിരിക്കുന്നു. ഇതിനെതിരെ രാജ്യവ്യാപകമായി ദേശീയ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്. ഈപ്രക്ഷോഭത്തെ പിന്തുണയ്ക്കുവാനും തൊഴിലാളി പക്ഷ രാഷ്ട്രീയത്തിന് നേതൃത്വം നൽകാനും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പലപ്പോഴും മടികാണിക്കുന്നു.

1957 ൽ ഐ.എൻ.റ്റി.യു.സി.യുടെ പിൻതുണയിൽ സ്ഥാപിതമായ കെ.എസ്.യു. വിലും, 1960 ൽ മാത്രം രൂപമെടുത്ത യൂത്ത് കോൺഗ്രസ്സിലും, 1970 ൽ രംഗത്തു വന്ന എൻ.എസ്.യു.വിലും, 1984 ൽ മാത്രം രൂപീകൃതമായ മഹിളാ കോൺഗ്രസ്സിലും മാത്രം കേന്ദ്രീകരിച്ചുള്ള നയരൂപീകരണങ്ങൾ കൊണ്ട് നിലവിലെ ജാതി-മത-വർഗ്ഗീയ ശക്തികളുടെ മുതലാളിപക്ഷ രാഷ്ട്രീയത്തെ ചെറുക്കാൻ കഴിയില്ല. സ്വാതന്ത്ര്യസമര പാരമ്പര്യവും, സാമ്പത്തികനയ രൂപീകരണത്തിലും, നിയമനിർമ്മാണങ്ങളിലും പ്രവർത്തനപരിചയവും ഉള്ള തൊഴിലാളികളെയും അവരുടെ പ്രസ്ഥാനമായ ഐ.എൻ.റ്റി.യു.സി.യെയും വിശ്വാസത്തിലെടുത്തും, ശക്തിപ്പെടുത്തിയും 1931 ലെ കറാച്ചി പ്രമേയത്തിന് സമാനമായ രീതിയിൽ നെഹ്റുവിന്റെ വ്യവസായ സോഷ്യലിസ്റ്റ് സാമ്പത്തികനയം ആധുനിക സോഷ്യലിസ്റ്റ് ആശയങ്ങളായി രൂപപ്പെടുത്തുവാൻ കോൺഗ്രസ്സ് തയ്യാറാകണം.

നിലവിലെ ജാതി-മത-വർഗ്ഗീയ സമ്പന്ന ഭരണകൂടത്തെ പുറത്താക്കാൻ തൊഴിലാളികളുടെ സാമ്പത്തിക ജീവിതവിഷയങ്ങൾ ഉയർത്തി മാത്രമേ സാധിക്കൂ എന്ന് ലോകം തെളിയിച്ചിട്ടുള്ളതാണ്. അമേരിക്കൻ സ്വാതന്ത്ര്യസമരവും, ഫ്രഞ്ച് വിപ്ലവവും, റഷ്യൻ വിപ്ലവവും, ചൈനീസ് വിപ്ലവവും, ഇൻഡ്യൻ സ്വാതന്ത്ര്യസമരവും അതിന് വ്യക്തമായ തെളിവാണ്. 2008 ലെ ആഗോള സാമ്പത്തികമാന്ദ്യ പ്രതിസന്ധിയാണ് കേവലം 17% മാത്രം ജനപ്രാതിനിധ്യം ഉള്ള കറുത്തവർഗ്ഗക്കാരനായ ഒബാമ അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായത്. ഏറ്റവും അവസാനം 60% ക്രിസ്ത്യാനികളുള്ള സൂര്യനസ്തമിക്കാത്ത നാടെന്ന് പേരുകേട്ട ബ്രിട്ടണിൽ 1.6% മാത്രം പ്രാതിനിധ്യം ഉള്ള ഹിന്ദുമതവിഭാഗത്തിലെ ഇൻഡ്യൻ വംശജനായ ഋഷി സുനക് പ്രധാനമന്ത്രിയായതും ജനങ്ങളുടെ സാമ്പത്തിക ജീവിതപ്രശ്നങ്ങളുടെ പേരിലാണ്. ജീവിക്കാൻ നിവർത്തിയില്ലാതായാൽ അവിടെ ജാതിയും, മതവും, വർഗ്ഗവും, വർണ്ണവും ഒഴിവാക്കപ്പെടും. അതിന് കറാച്ചിപ്രമേയം പോലെ തൊഴിലാളികൾക്കും സാധാരണക്കാർക്കും മനസ്സിലാകുന്ന ഭാഷയിൽ അവരുടെ ജീവിതാവശ്യങ്ങൾ ഉൾകൊ

ള്ളുന്ന ആശയരൂപീകരണത്തിന് കോൺഗ്രസ്സ് രൂപം കൊടുക്കണം. അതിലൂടെ മാത്രമേ നിലവിലെ ഭരണകൂടത്തെ മാറ്റിമറിക്കാൻ കഴിയൂ എന്ന് ഈ രാഷ്ട്രീയ പ്രമേയത്തിലൂടെ ഐ.എൻ.റ്റി.യു.സി. വിലയിരുത്തുന്നു.

ഒരു പ്രത്യേക കാലഘട്ടം മുതൽ കോൺഗ്രസ്സ് നേതൃത്വ പദവികൾ, കെ. എസ്.യു., യൂത്ത് കോൺഗ്രസ്സ്, മഹിളാ കോൺഗ്രസ്സ് വിഭാഗങ്ങളിലൂടെ കടന്നു വന്നവർക്ക് മാത്രമായി പങ്ക് വയ്ക്കപ്പെട്ടപ്പോൾ ഐ.എൻ.റ്റി.യു.സി.യെ പൂർണ്ണ മായും അവഗണിച്ചു. ഇത് തൊഴിലാളികളോടും, തൊഴിലാളി പ്രസ്ഥാന ത്തിനോടും ഉള്ള കടുത്ത അനീതിയാണ്. ഈ നടപടി ഗാന്ധിജിയുടെയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും ആശയ ങ്ങൾക്കും കോൺഗ്രസ്സിന്റെ അടിസ്ഥാന സോഷ്യലിസ്റ്റ് മൂല്യങ്ങൾക്കും വിരുദ്ധ മാണ്.

കോൺഗ്രസ്സിന്റെ നേതൃപദവികളിൽ നടക്കുന്ന ഇതേ പാർശ്വവൽക്ക രണം ജനാധിപത്യ ഭരണ തിരഞ്ഞെടുപ്പ് വേദികളിലും, നിലവിൽ കോൺഗ്രസ്സ് പുലർത്തുന്നു. നിയമനിർമ്മാണ വേദികളിൽ തൊഴിലാളികൾക്കും അവരുടെ പ്രസ്ഥാനങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുക എന്നത് ജനാധിപത്യ അവകാശമാണ്. 1920 ൽ ആരംഭിച്ച രാജ്യത്തെ തിരഞ്ഞെടുപ്പുകളിൽ ബ്രിട്ടീഷു കാർ പോലും ഈ പ്രാതിനിത്യം അംഗീകരിച്ചിരുന്നു.

രാജ്യത്തെ 143 കോടി ജനങ്ങളിൽ 91 കോടി വോട്ടർമാരുണ്ട്. ഇതിൽ 62 കോടിയും തൊഴിലാളികളാണ്. സംസ്ഥാനത്താണെങ്കിൽ 3.58 കോടി ജനങ്ങ ളിലെ 2.75 കോടി വോട്ടർമാരിൽ 1.62 കോടിയും തൊഴിലാളികളാണ്. ഈ വോട്ടർമാർക്ക് ആനുപാതികമായുള്ള പ്രാതിനിധ്യം തിരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ലഭിക്കുക എന്നത് തൊഴിലാളികളുടെയും അവ രുടെ പ്രസ്ഥാനമായ ഐ.എൻ.റ്റി.യു.സി. യുടെയും അവകാശമാണ്.

മുൻകാലങ്ങളിൽ തൊഴിലാളി നേതാക്കളായിരുന്ന പാർലമെന്റ് നിയമസ ഭാംഗങ്ങളും ഭരണാധികാരികളും തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ നിയമ നിർമ്മാണങ്ങളെല്ലാം റദ്ദ് ചെയ്ത് തൊഴിലാളികളെ ആധുനീക അടിമത്വ ത്തിന് കീഴിലാക്കുമ്പോൾ പാർലമെന്റിലും, നിയമസഭകളിലും ഇന്ന് തൊഴിലാളി കളുടെ ശബ്ദവും പ്രതിഷേധവും ഉയരുന്നില്ല. നിലവിൽ രാജ്യം കൈവരി ക്കുന്ന 170 ലക്ഷം കോടിയുടെ ആഭ്യന്തര ഉൽപാദനം തൊഴിലാളികളുടെ അദ്ധ്വാന ഫലമാണ്. വികസനം എന്നത് ഓഹരി കമ്പോളത്തിലെ ഊഹക്കച്ചവ ടവും കോർപ്പറേറ്റുകളുടെ വൻലാഭങ്ങളും മാത്രമായി ഉയർത്തി കാട്ടുമ്പോൾ തൊഴിലാളികളുടെ അദ്ധ്വാനത്തിന് വിലയില്ലാതായിരിക്കുന്നു. തൊഴിലാളിക ളുടെ അദ്ധ്വാനം ചൂഷണം ചെയ്തും പൊതുസമ്പത്ത് കൊള്ളയടിച്ചും ആണ് ഈ നേട്ടങ്ങൾ ഇവർ സമാഹരിക്കുന്നത്. ഇതുമൂലം വിലക്കയറ്റവും, ജീവിത ചിലവുകളും താങ്ങാനാകാതെ തൊഴിലാളികൾ നിത്യദുരിതത്തിലും, കടബാദ്ധ്യ തയിലും ആകപ്പെട്ടിരിക്കുന്നു. കേന്ദ്ര സർക്കാർ 157 ലക്ഷം കോടിയുടെയും

സംസ്ഥാന സർക്കാർ 4 ലക്ഷം കോടിയുടെയും കടക്കെണിയിലുമാണ്. തൊഴിലാളികളുടെ ജീവിതത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്ന ഈവിധ സാമ്പത്തിക-തൊഴിൽ വിഷയങ്ങൾ നിയമനിർമ്മാണ വേദികളിൽ തൊഴിലാളി വികാരം ഉൾകൊണ്ട് ചർച്ച ചെയ്യപ്പെടുന്നില്ല. അതിന് കാരണം ഈ വേദികളിൽ തൊഴിലാളി പ്രതിനിധികൾ ഇല്ല എന്നതാണ്.

നിലവിലെ പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മതവിശ്വാസ ആചാരങ്ങൾ രാഷ്ട്രീയ വിഷയങ്ങളായി ഉയർത്തുമ്പോൾ, തൊഴിലാളികളുടെയും ജനങ്ങളുടെയും തൊഴിൽ-വരുമാന ജീവിത വിഷയങ്ങൾ ഉയർത്തി തൊഴിലാളിപക്ഷ സോഷ്യലിസ്റ്റ് രാഷ്ട്രീയം ഉയർത്താൻ ട്രേഡ് യൂണിയൻ പ്രതിനിധികൾ നിയമനിർമ്മാണ വേദികളിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്.

അതിനാൽ 2024 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആനുപാതിക തൊഴിലാളി പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നവിധം ഐ.എൻ.റ്റി.യു.സി.ക്ക് അർഹമായ പരിഗണന സ്ഥാനാർത്ഥി നിർണ്ണയത്തിൽ നൽകുവാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തയ്യാറാകണം എന്ന് ഈ രാഷ്ട്രീയ പ്രമേയത്തിലൂടെ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയോടും, കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയോടും ആവശ്യപ്പെടുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### മിനിമം വേതനം ശാസ്ത്രീയമായി നിശ്ചയിച്ച് കർശനമായി നടപ്പിലാക്കണം

സ്വതന്ത്ര ഇൻഡ്യയിൽ ഇടക്കാല നെഹ്റു സർക്കാർ തൊഴിലാളികളുടെ മിനിമം വേതന നിർണ്ണയത്തിനായി നടപ്പിലാക്കിയതാണ് 1948 ലെ മിനിമം വേതന നിയമം. തൊഴിലാളി-തൊഴിലുടമ-സർക്കാർ പ്രതിനിധികൾ അടങ്ങുന്ന പ്രത്യേക സമിതിയാണ് ഈ വേതനം നിശ്ചയിക്കുന്നത്. കേരളത്തിൽ 72 ഓളം മേഖലകളിൽ ഈ വേതനം കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നു. തൊഴിലാളി പ്രതിനിധികളുടെ ശക്തമായ ഇടപെടലിലൂടെയാണ് ഈ വേതനവർദ്ധനവ് വളരെ ശാസ്ത്രീയമായി നിർണ്ണയിക്കപ്പെടുന്നത്.

വികസിത രാജ്യങ്ങളെപ്പോലെ തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ദുർബലമായിരിക്കുന്ന ഇൻഡ്യയിൽ തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭ്യമാക്കുവാനായി ഈ നിയമം നടപ്പിലാക്കുന്നു എന്ന് നിയമത്തിലെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വേതന നിർണ്ണയ തെളിവെടുപ്പ് വേളയിൽ തൊഴിലുടമ പ്രതിനിധികളും അവരുടെ സംഘടനകളും വളരെ ശക്തമായി രംഗത്ത് വരുമ്പോൾ തൊഴിലാളി പ്രതിനിധികളുടെയും സംഘടനകളുടെയും പങ്കാളിത്തം പല കാരണങ്ങളാലും ഇന്നും വളരെ ദുർബലമാണ്. ഓരോ 5 വർഷത്തെ ഇടവേളകളിലും വേതനം പുതുക്കി നിശ്ചയിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും തൊഴിലുടമകളുടെ ഭരണ രാഷ്ട്രീയ - ഉദ്യോഗസ്ഥ സ്വാധീനത്താൽ ഒരിക്കലും ഇത് കൃത്യമായി നടക്കാറില്ല. സംസ്ഥാന തലങ്ങളിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെടുന്നത് എന്നത് തൊഴിലുടമകൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കാൻ കൂടുതൽ അവസരം നൽകുന്നു.

കാലാകാലങ്ങളിലുണ്ടാകുന്ന വേതനവർദ്ധനവ് എങ്ങനെ ഉണ്ടാകുന്നു എന്നോ എത്രയാണെന്നോ, എങ്ങനെ ചോദിച്ച് വാങ്ങണമെന്നോ എന്നതിൽ ഇപ്പോഴും ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളും അജ്ഞരാണ്.

അർഹതപ്പെട്ട വേതനം നിശ്ചയിച്ച് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ ഉടൻ തങ്ങൾകൂടി ഉൾപ്പെട്ട് തീരുമാനിച്ച മിനിമം വേതനത്തിനെതിരെ തൊഴിലുടമകൾ കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് സമ്പാദിക്കുന്നു. നിലവിൽ ഇത്തരത്തിൽ 9 ഓളം മേഖലകളിലെ വേതനം ഇന്ന് സംസ്ഥാനത്ത് തടയപ്പെട്ടിരിക്കുന്നു. കേസ് കൊടുത്തവരിൽ ശതകോടീശ്വരന്മാരായ കിറ്റെക്സും, മുത്തൂറ്റ് ഫിനാൻസും, സ്വകാര്യ കോർപ്പറേറ്റ് ആശുപത്രികളും വരെ ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് ഐ.എൻ.റ്റി.യു.സി. പ്രസിഡന്റ്

കത്ത് നൽകിയെങ്കിലും നടപടികൾ ഉണ്ടായിട്ടില്ല. തൊഴിലുടമകളുടെയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെയും സർക്കാർ അഭിഭാഷകരുടെയും ഭാഗത്തു നിന്നും ഗുരുതരമായ അലംഭാവമാണ് പലപ്പോഴും ഈ വിഷയത്തിലുണ്ടാകുന്നത്.

1957 ൽ ഇന്ത്യൻ ലേബർ കോൺഫറൻസ് തീരുമാനിച്ച മിനിമം വേതന നിർണ്ണയ മാനദണ്ഡങ്ങളാണ് ഇന്നും രാജ്യത്ത് നിലനിൽക്കുന്നത്. 66 വർഷം പിന്നിട്ടും ഇതിൽ മാറ്റം വരുത്തുവാൻ സർക്കാർ തയ്യാറായിട്ടില്ല. തൊഴിലുടമകളുടെ സമ്മർദ്ദമാണ് ഇതിന് കാരണം. നിലവിലെ സാഹചര്യത്തിൽ ദമ്പതികളും 2 കുട്ടികളും, മാതാപിതാക്കളും അടങ്ങുന്ന ഒരു കുടംബത്തിന്റെ ആഹാരം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം, പാദരക്ഷകൾ, ശരീരശുദ്ധി, വിവാഹം, മതാചാരങ്ങൾ, യാത്ര, വൈദ്യുതി, ശുദ്ധജലം, പാചകഇന്ധനം, വിനോദം, ടെലിവിഷൻ, ടെലിഫോൺ എന്നീ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുവാൻ ആവശ്യമായ വേതനം ലഭിക്കുവാൻ ഏതൊരു മേഖലയിലെയും തൊഴിലാളികൾ അർഹരാണ്. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ കൃത്യമായി പേ കമ്മീഷനുകളിലൂടെ സർക്കാർ ജീവനക്കാരുടെ വേതനം നിർണ്ണയിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ വേതനം സംസ്ഥാനത്തെ ഏതൊരു തൊഴിലാളിയുടെയും മിനിമം വേതനമായി പ്രഖ്യാപിച്ച് നടപ്പിലാക്കണം. ഇത് ന്യായവും നീതിയുക്തവും ആണ്.

അതിനാൽ പാർലമെന്റ് പാസ്സാക്കിയ 1948 ലെ മിനിമം വേതന നിയമപ്രകാരം ത്രികക്ഷി സമ്പ്രദായത്തിൽ തീരുമാനിക്കപ്പെടുന്ന വേതനം കേരളത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭ്യമാകുംവിധം കർശന നടപടികൾ സ്വീകരിക്കുവാനും തൊഴിലുടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ്സുകൾ എത്രയുംവേഗം തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും, നിയമലംഘനം നടത്തുന്ന തൊഴിലുടമകൾക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## ഫെയർവേജ് നിയമം രൂപീകരിച്ച് നടപ്പിലാക്കണം

വ്യവസായ വാണിജ്യ കാർഷിക മത്സ്യമേഖലകളുടെ പ്രവർത്തനങ്ങൾ ലാന്റ് - ലേബർ - കാപ്പിറ്റൽ എന്ന 3 പ്രധാന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ലാന്റ് എന്നാൽ പ്രകൃതിവിഭവവും, ലേബർ എന്നാൽ തൊഴിലാളികളുടെ അദ്ധ്വാനവും, കാപ്പിറ്റൽ എന്നാൽ മുതൽ മുടക്കുമാണ്. ഉല്പാദന ലാഭം, ഉല്പാദനക്ഷമത എന്നിവ വിലയിരുത്തി കൂട്ടായ വിലപേശലിലൂടെ മിനിമം വേതനവും, ഫെയർ വേതനവും, ലിവിംഗ് വേതനവും നിശ്ചയിക്കപ്പെടുന്നു. സ്വതന്ത്ര ഇൻഡ്യയിൽ മിനിമം വേതനത്തിനായി 1948 ൽ ഒരു നിയമം തന്നെ നടപ്പിലാക്കി. 1950 ൽ ഭരണഘടന രൂപീകരിച്ചപ്പോൾ തൊഴിലാളികൾക്ക് ലിവിംഗ് വേതനം ലഭ്യമാക്കുവാനുള്ള നിയമനിർമ്മാണം രാജ്യം നടത്തണമെന്ന് മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ എഴുതപ്പെട്ടു.

ചെറുകിട വാണിജ്യ-വ്യവസായ കാർഷികമേഖലകൾക്കായിട്ടാണ് മിനിമം വേതന നിയമം നടപ്പിലാക്കിയിട്ടുള്ളതെന്ന പൊതുതത്വം പോലും വിസ്മരിച്ച് വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളും മിനിമം വേതനം നൽകിയാൽ തങ്ങളുടെ നിയമപരമായ ബാദ്ധ്യത കഴിഞ്ഞു എന്ന ധാരണയിൽ എല്ലാവരും മിനിമം വേതനത്തിന്റെ കാര്യം മാത്രം ചർച്ച ചെയ്യുന്നു. നിർഭാഗ്യവശാൽ തൊഴിൽ വകുപ്പിന്റെ നടപടികളും ഈ രീതിയിലാണ്.

കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ഉല്പാദന പ്രവർത്തനങ്ങൾ ഒന്നിലധികം കോൺട്രാക്ടർമാരിലൂടെ നടത്തപ്പെടുന്നതിനാൽ അവിടെയും ചൂഷണമാണ് നടക്കുന്നത്. പ്രകൃതി ചൂഷണവും, തൊഴിലാളിവേതന ചൂഷണവും ആണ് ക്രമാതീതമായ സമ്പത്ത് സമാഹരിക്കാനുള്ള എളുപ്പമാർഗ്ഗം എന്ന നിലയിൽ ഇതിന്റെ ഗവേഷണത്തിലാണ് വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളും തൊഴിലുടമകളും. ഈ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുവാനും, സംരക്ഷണം ഉറപ്പ് വരുത്തുവാനുമുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. വികസിത രാജ്യങ്ങളിലും പല വികസ്വര രാജ്യങ്ങളിലും ഭരണകൂടങ്ങൾ വളരെ കർക്കശമായ നിലപാടുകൾ ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഇവിടെ ഇതൊന്നും ശ്രദ്ധിക്കാൻ ആരുമില്ലാത്ത അവസ്ഥയാണ്.

ഈ സാഹചര്യത്തിൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഉല്പാദനം, ഉല്പാദനക്ഷമത, ലാഭം എന്നിവ അടിസ്ഥാനമാക്കി തൊഴിലാളികൾക്ക് കൂട്ടായ വിലപേശലിലൂടെ ഫയർവേജസ് ലഭ്യ

മാകുംവിധം പ്രത്യേക നിയമനിർമ്മാണം നടത്തുവാൻ ഈ പ്രമേയത്തിലൂടെ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്തുവാൻ സർക്കാരിനോടാവശ്യപ്പെടണമെന്നും ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തണമെന്നും ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## കോൺട്രാക്ട് ലേബർ സിസ്റ്റം പൂർണ്ണമായും അവസാനിപ്പിക്കണം

പ്രാചീന കങ്കാണി സമ്പ്രദായത്തിനും, അടിമത്വ രീതിക്കും സമാനമായ കോൺട്രാക്ട് ലേബർ സിസ്റ്റം ഇന്ന് വ്യാപകമായിരിക്കുന്നു. മാതൃകാ സ്ഥാപന ങ്ങളായി പ്രവർത്തിക്കേണ്ട കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ പോലും ഈ പ്രവണത വർഷങ്ങളായി തുടരുന്നു. ഒരു സ്ഥാപനത്തിൽത്തന്നെ നിരവധി കോൺട്രാക്ടർമാർ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്നു. മിനിമം വേതനമോ അതിന് താഴെയോ മാത്രം നൽകികൊണ്ടാണ് ഈ തൊഴി ലാളി ചൂഷണം അരങ്ങേറുന്നത്. 8 മണിക്കൂർ ജോലിസമയം എന്ന വ്യവസ്ഥ പോലും ലംഘിക്കപ്പെടുന്നു. തൊഴിൽ നിയമങ്ങൾ ലംഘിച്ചും, പരസ്യമായി ധിക്കരിച്ചും ആണ് ഈ പ്രാകൃതരീതി ഇന്ന് തുടരുന്നത്. നിലവിൽ വിവിധ സ്ഥാപനങ്ങളിലും മേഖലകളിലുമായി ഇന്ന് 75% മുതൽ 100% വരെയാണ് ഈ തൊഴിലാളികൾ.

ഈ നടപടി ഭരണഘടനാ വിരുദ്ധവും, 1946 ലെ സ്റ്റാന്റിംഗ് ഓർഡേഴ്സ് നിയമത്തിന്റെയും, ഓരോ സ്ഥാപനത്തിലും നിലനിൽക്കുന്ന സർട്ടിഫൈഡ് സ്റ്റാന്റിംഗ് ഓർഡേഴ്സിന്റെയും, 1947 ലെ തൊഴിൽതർക്ക നിയമത്തിന്റെയും, 1948 ലെ ഫാക്ടറീസ് നിയമത്തിന്റെയും, 1970 ലെ കോൺട്രാക്ട് ലേബർ റെഗുലേ ഷൻ ആന്റ് അബോളിഷൻ നിയമത്തിന്റെയും, 1989 ലെ കേരള കാഷ്വൽ, ടെമ്പററി ആന്റ് ബദലി തൊഴിലാളി വേതന നിയമത്തിന്റെയും തുല്യ ജോലിക്ക് തുല്യ വേതനം എന്ന സുപ്രീംകോടതി വിധിയുടെയും പരസ്യമായ ലംഘനമാണ്.

ആയതിനാൽ നിലവിലെ നിയമങ്ങളിലും, ചട്ടങ്ങളിലും പൂർണ്ണമായി പാലിച്ച് ഈ പ്രാകൃതതൊഴിൽ സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കു വാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോട് ആവ ശ്യപ്പെടുന്നു.

ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. നിയമസഭാ അംഗ ങ്ങൾ സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (E.P.F) ശമ്പളപരിധി പൂർണ്ണമായി നീക്കം ചെയ്യണം

തൊഴിലാളികൾ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ സാമൂഹ്യസുരക്ഷയുടെ ഭാഗമായി ഒരു നിശ്ചിത തുക ലഭ്യമാകുംവിധം തൊഴിലാളിയും തൊഴിലുടമയും ചേർന്ന് ഓരോ മാസവും നിക്ഷേപിക്കപ്പെടുന്ന തുകയുടെ ആനുകൂല്യമാണ് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്. സർക്കാരിന്റെ യാതൊരു സഹായവും ഈ പദ്ധതിയിൽ ഇല്ല. വിരമിക്കൽ ആനുകൂല്യങ്ങൾക്ക് പുറമെ ജോലിയിലിരിക്കെ മരണപ്പെട്ടാൽ പ്രത്യേക സാമ്പത്തിക സഹായവും, വിരമിച്ചശേഷം പെൻഷനും ഈ പദ്ധതിയുടെ ഭാഗമാണ്. തൊഴിലാളികളുടെ അദ്ധ്വാനം പരിഗണിച്ച് ഈ ആനുകൂല്യം ഉറപ്പ് വരുത്തുവാൻ 1952 ൽ നെഹ്റു സർക്കാർ നടപ്പിലാക്കിയതാണ് ഈ നിയമം.

ആരംഭത്തിൽ 300 രൂപ വരെ പ്രതിമാസ ശമ്പളമുള്ളവർ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. 5 വർഷം കഴിഞ്ഞപ്പോൾ 1957 ൽ ശമ്പളപരിധി 500 രൂപയായി ഉയർത്തി. 1962 ൽ വീണ്ടും 5 വർഷം പിന്നിട്ടപ്പോൾ ശമ്പളപരിധി 1000 രൂപയാക്കി ഉയർത്തുകയും ചെയ്തിരുന്നു. ഈ കാലയളവിൽ സ്ഥാപനങ്ങളിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്റെ മാസശമ്പളമായിരുന്നു ഈ തുക. അതായത് ഒരു സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാർക്കും ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കണമെന്നതായിരുന്നു നിയമനിർമ്മാതാക്കളുടെ ഉദ്ദേശ്യ ലക്ഷ്യം. ഓരോ 5 വർഷത്തെ ഇടവേളകളിലും ശമ്പളപരിധി ഉയർത്തണമെന്ന രീതിയിലാണ് ഈ ആനുകൂല്യം ബാധകമാകുന്ന ശമ്പള പരിധി ഉയർത്തി വന്നത്.

എന്നാൽ 2014 മുതലുള്ള ശമ്പളപരിധി 15000 രൂപ മാത്രമാണ്. ഇതിന് മുകളിൽ ശമ്പളപരിധി ഉയർത്തുവാൻ സർക്കാർ അനുവദിക്കുന്നില്ല. അതായത് 15000 രൂപയ്ക്ക് മുകളിൽ ശമ്പളമുള്ളവർക്ക് 15000 രൂപയുടെ EPF വിഹിതം മാത്രം തൊഴിലുടമ അടച്ചാൽ മതി. എന്ന് മാത്രമല്ല 15000 രൂപയിൽ കൂടുതൽ ശമ്പളത്തിൽ ഒരു വ്യക്തി ജോലിയിൽ പ്രവേശിച്ചാൽ ആ ജീവനക്കാരന് ഈ പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടതുമില്ല. ഈ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട പെൻഷനെയും പ്രതികൂലമായി ബാധിക്കുന്നു.

ശമ്പളപരിധി ഉയർത്താതിരുന്നാൽ ഓരോ മാസവും ശമ്പളത്തിന്റെ 13% തൊഴിലുടമകൾക്കും കോർപ്പറേറ്റുകൾക്കും പ്രത്യേക നേട്ടമായി ലഭിക്കുന്നു. ഈ ശതകോടികളുടെ നേട്ടത്തിനായി രാഷ്ട്രീയ-ഉദ്യോഗസ്ഥ സ്വാധീനത്താൽ ശമ്പളപരിധി ഉയർത്തുന്നതിൽ കോർപ്പറേറ്റുകളും തൊഴിലുടമകളും തടസ്സം സൃഷ്ടിക്കുന്നു. ഇത് തൊഴിലാളി വിരുദ്ധവും തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയുടെ നിഷേധവും ആണ്. തൊഴിലാളികളെ പൂർണ്ണമായും അവഗണിച്ച് കോർപ്പറേറ്റ്പക്ഷ സർക്കാരായി നിലവിലെ സർക്കാർ മാറിയിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്.

ആയതിനാൽ EPF ശമ്പളപരിധി പൂർണ്ണമായി നീക്കം ചെയ്ത് എല്ലാ തൊഴിലാളികൾക്കും EPF ലഭ്യമാകുംവിധം ഈ നിയമത്തിന്റെ രൂപീകരണ ഉദ്ദേശ ലക്ഷ്യം സാധിതമാക്കുന്ന രീതിയിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

കേന്ദ്രസർക്കാരിന് സാമ്പത്തികബാദ്ധ്യത വരാത്ത ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബഹു. പാർലമെന്റ് അംഗങ്ങൾ സഭയ്ക്കകത്തും പുറത്തും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും, ബഹു. നിയമസഭാംഗങ്ങൾ ഈ വിഷയത്തിൽ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

**INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം**

## എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (E.S.I) പദ്ധതി മുഴുവൻ തൊഴിലാളികൾക്കും ബാധകമാക്കണം

തൊഴിലാളികളുടെയും, കുടുംബത്തിന്റെയും ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുവാൻ 1948 ൽ നെഹ്റു സർക്കാർ നടപ്പിലാക്കിയ ലോകത്തിലെ തന്നെ ഏറ്റവും വലിയ സമഗ്ര ആരോഗ്യ സാമൂഹ്യ സുരക്ഷ പദ്ധതിയാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് അഥവാ ESI.

ഈ പദ്ധതിയുടെ ഗുണഫലത്തിനായി 1948 ൽ നിശ്ചയിക്കപ്പെട്ടിരുന്ന ശമ്പളപരിധി 400 രൂപയായിരുന്നു. അന്നത്തെ ചീഫ് സെക്രട്ടറിയുടെ ശമ്പളത്തിന് തുല്ല്യമായിരുന്നു ഈ തുക. അതായത് ഒരു സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാർക്കും അവരുടെ കുടുംബത്തിനും പൂർണ്ണ ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തണമെന്ന് ഭരണകൂടം ആഗ്രഹിച്ചിരുന്നു. വിരമിക്കുമ്പോൾ ESI പരിധിക്കുള്ളിലാണെങ്കിൽ വർഷം 120 രൂപാവീതം ESI യിൽ അടച്ചുകൊണ്ടിരുന്നാൽ കുടുംബത്തിന് പൂർണ്ണമായും സൗജന്യചികിത്സ ലഭ്യമാകുന്ന ആനുകൂല്യവും ഈ പദ്ധതിയിൽ ഉറപ്പ് വരുത്തിയിരിക്കുന്നു.

നിലവിൽ മാസശമ്പളത്തിന്റെ 0.75% തൊഴിലാളിയും 3.25% തൊഴിലുടമയും ESI വിഹിതമായി അടയ്ക്കണം. ഏറെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന ഈ പദ്ധതി ഇന്ന് തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്ന നിലയിലാണ്. 21000 രൂപയ്ക്ക് മുകളിൽ പ്രതിമാസ ശമ്പളമുള്ള തൊഴിലാളികൾക്ക് ഇന്ന് ESI ലഭ്യമല്ല. 1948 ലെ 400 രൂപാ പരിധി കാലാകാലങ്ങളിൽ ഉയർത്താത്തതാണ് ഇതിന് കാരണം. തൊഴിലുടമകൾ, ഉദ്യോഗസ്ഥരിലും രാഷ്ട്രീയ നേതൃത്വങ്ങളിലും സമ്മർദ്ദം ചെലുത്തി വേതനപരിധി ഉയർത്തുന്നതിനെ ചെറുക്കുന്നു. ഈ നടപടി ഈ നിയമത്തിന്റെ അന്തസത്തയെ തന്നെ ചോദ്യം ചെയ്യുന്നതാണ്.

ആയതിനാൽ ESI ശമ്പളപരിധി പൂർണ്ണമായും നീക്കം ചെയ്യുവാനും മുഴുവൻ തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുവാൻ സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളോടും, സംസ്ഥാന സർക്കാരിനോടും, സംസ്ഥാന നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## ബോണസ്സ് അർഹതാ ശമ്പളപരിധിയും ബോണസ്സ് തുകയുടെ പരിധിയും പൂർണ്ണമായും ഒഴിവാക്കണം

ലാന്റ്-ലേബർ-കാപ്പിറ്റൽ എന്നീ മൂന്നുപ്രധാന ഘടകങ്ങൾ ചേർന്നതാണ് വ്യവസായ വാണിജ്യമേഖലകളുടെ പ്രവർത്തനം. ഇതിലൂടെ ഓരോ സ്ഥാപനവും പ്രതിവർഷം നേടുന്ന ഉല്പാദനവും ലാഭവും കണക്കാക്കി തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകപ്പെടുന്ന പ്രത്യേക സാമ്പത്തിക ആനുകൂല്യമാണ് ബോണസ്സ്. 1965 ൽ ഇതിനായി ബോണസ്സ് ആക്ട് എന്നപേരിൽ ഒരു പ്രത്യേക നിയമംതന്നെ പാർലമെന്റ് പാസ്സാക്കി. ആരംഭത്തിൽ ബോണസ്സിനുള്ള അർഹതാ ശമ്പളപരിധി 1600 രൂപയും, ഇതിനായി കണക്കാക്കുന്ന പ്രതിമാസ പരമാവധിതുക 750 രൂപയും ആയിരുന്നു. അതായത് ഏതൊരു സ്ഥാപനത്തിലെയും മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാർക്കും ഈ ആനുകൂല്യം ഉറപ്പുവരുത്തുവാൻ നിയമനിർമ്മാണം നടത്തിയവർ ശ്രദ്ധിച്ചു. പിൽക്കാലങ്ങളിൽ ഉല്പാദനത്തിനും ലാഭത്തിനും ഉപരിയായി നീക്കിവയ്ക്കപ്പെട്ട വേതനമായി പരിഗണിച്ച് ബോണസ്സ് നൽകേണ്ടതാണെന്ന അഭിപ്രായം സർക്കാരിൽ നിന്നും ഉണ്ടായതോടൊപ്പം ഇത് അംഗീകരിച്ചുള്ള വ്യാഖ്യാനം ബഹുമാനപ്പെട്ട കോടതികളിൽ നിന്നും ഉണ്ടായി.

എന്നാൽ നിയമത്തിന്റെ സ്ഥാപിത ലക്ഷ്യത്തിനനുസൃതമായി ബോണസ്സ് ശമ്പളപരിധിയും പരമാവധി പ്രതിമാസ തുകയും ഉയർത്തുന്നതിൽ തൊഴിലുടമകളുടെ സമ്മർദ്ദം ശക്തമായി. ഇതുമൂലം നിലവിലെ ബോണസ്സ് അർഹതാ ശമ്പളപരിധി 21000 രൂപയും, പരമാവധി മാസശമ്പള തുക 7000 രൂപയും മാത്രമായി നിജയപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതുമൂലം ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാരും ഇന്ന് ബോണസ്സിന് അർഹരല്ല. ഇതുമൂലം ശതകോടികളുടെ നേട്ടമാണ് തൊഴിലുടമകൾക്കും കോർപ്പറേറ്റുകൾക്കും ലഭ്യമാകുന്നത്. ഇത് തൊഴിലാളികൾക്കും ജീവനക്കാർക്കും അർഹതപ്പെട്ട ആനുകൂല്യം ബോധപൂർവ്വം തട്ടിയെടുക്കലാണ്. നിഷേധിക്കലാണ്.

ആയതിനാൽ 1965 ലെ ബോണസ്സ് നിയമത്തിന്റെ രൂപീകരണലക്ഷ്യം ഉൾക്കൊണ്ടും, ലാന്റ്-ലേബർ-കാപ്പിറ്റൽ എന്ന വ്യവസായ വാണിജ്യമേഖലയുടെ അടിസ്ഥാന ഘടകങ്ങൾ അംഗീകരിച്ചും, ഉല്പാദനവും നീക്കിവെയ്ക്കപ്പെട്ട വേതനമെന്ന ആശയത്തെ മാനിച്ചും, ഉല്പാദനവും ലാഭവും പരിഗണിച്ചും

എല്ലാ രീതിയിലുമുള്ള പരിധികളും ഒഴിവാക്കി മുഴുവൻ തൊഴിലാളികൾക്കും, ജീവനക്കാർക്കും വാർഷിക ബോണസ്സ് ലഭ്യമാകുംവിധം ഉത്തരവിറക്കണമെന്ന് ഐ.എൻ.റ്റി.യു.സി സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഈ ന്യായമായ ആവശ്യം അംഗീകരിക്കുംവിധം കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ ബഹു. പാർലമെന്റ് അംഗങ്ങളോടും, സംസ്ഥാന സർക്കാരിൽ പ്രേരണ ചെലുത്തുവാൻ ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## ബാങ്കറപ്സി കോഡും നാഷണൽ കമ്പനി ലോ ട്രിബൂണലും റദ്ദ് ചെയ്യണം

രാജ്യത്തിന്റെ സാമ്പത്തിക ഭരണഘടനയെന്ന് സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിച്ച 1956 ലെ നെഹ്റുവിന്റെ ഇൻഡ്യൻ വ്യവസായ നയത്തിന് പിന്നാലെ രൂപീകരിക്കപ്പെട്ടതാണ് 1956 ലെ കമ്പനീസ് ആക്ട്. ഈ നിയമം പൂർണ്ണമായി റദ്ദ് ചെയ്ത് 2013 ൽ പുതിയ കമ്പനി നിയമംപ്രാബല്യത്തിലായി. ഈ നിയമത്തിലെ പ്രധാന വ്യവസ്ഥയാണ് ഇൻസോൾവെൻസി ആന്റ് ബാങ്ക റപ്സി കോഡിന്റെയും, നാഷണൽ കമ്പനി ലോ ട്രബൂണിലിന്റെയും രൂപീകര ണം. 2016 ൽ ഇത് പ്രാവർത്തികമായി. ഇതിന്റെ നടപടി ക്രമങ്ങൾ സ്ഥാപനങ്ങ ളെയും തൊഴിലാളികളെയും ഒരേപോലെ പ്രതികൂലമായി ബാധിക്കുന്നതാണ്. കേവലം ചില കോർപ്പറേറ്റുകൾക്ക് മാത്രമാണ് ഇതിന്റെ ഗുണഫലം ലഭിക്കു ന്നത്. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾ ചെറിയ സ്ഥാപനങ്ങളെ വിഴുങ്ങു കയോ ഇല്ലായ്മ ചെയ്യുകയോ ചെയ്ത് തങ്ങളുടെ കുത്തക ആധിപത്യം സ്ഥാപി ക്കാൻ ഇടവരുത്തുന്നു.

ഈ കോഡിന്റെയും ട്രിബൂണലിന്റെയും നടപടികൾക്ക് വിധേയമാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തങ്ങളുടെ ശമ്പള കുടിശ്ശിക, പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ, ബോണസ്സ്, ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങളും നിഷേധിക്കപ്പെ ടുന്നു. ഇങ്ങനെയുള്ള ആനുകൂല്യ നിഷേധങ്ങൾ കോടതിയിൽ പോലും ചോദ്യം ചെയ്യാൻ പാടില്ല എന്നതാണ് ഇതിലെ ഏറ്റവും വലിയ ജനാധിപത്യവി രുദ്ധ വ്യവസ്ഥ. ഇത്തരത്തിൽ വളരെ പ്രാകൃതവും, ജനാധിപത്യവിരുദ്ധവും, തൊഴിലാളി-സ്ഥാപനവിരുദ്ധവും ആയ ഇൻസോൾവെൻസി ആന്റ് ബാങ്കറപ്സി കോഡും, നാഷണൽ കമ്പനി ലോ ട്രിബൂണലും പൂർണ്ണമായി റദ്ദ് ചെയ്യണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനെതിരെ പാർലമെന്റിൽ ശബ്ദമുയർത്തി ഈ നിയമം റദ്ദ് ചെയ്യിക്കു വാൻ നടപടികൾ ബഹു. പാർലമെന്റ് അംഗങ്ങൾ നടപടികൾ സ്വീകരിക്കണ മെന്നും അഭ്യർത്ഥിക്കുന്നു.

ഈ തൊഴിലാളി-സ്ഥാപന വിരുദ്ധ നിയമങ്ങൾ റദ്ദ് ചെയ്യിക്കുവാൻ സംസ്ഥാന സർക്കാരും, സംസ്ഥാന നിയമസഭയും കേന്ദ്ര സർക്കാരും സമ്മർദ്ദം ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### പൊതുമേഖല സംരക്ഷിച്ച് ശക്തിപ്പെടുത്തണം

സ്വതന്ത്രഭാരതത്തിൽ 1948, 1956, 1977, 1980, 1991 എന്നീ വർഷങ്ങളിൽ 5 പ്രധാന വ്യവസായ നയപ്രഖ്യാപനങ്ങൾ ഉണ്ടായി. ആദ്യ നാല് പ്രഖ്യാപനങ്ങൾ പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ 1991 ലെ പ്രഖ്യാപനം ഉദാര വൽക്കരണം (ലിബറൈസേഷൻ), സ്വകാര്യവൽക്കരണം (പ്രൈവറ്റൈസേഷൻ), ആഗോളവൽക്കരണം (ഗ്ലോബലൈസേഷൻ) എന്നിവയ്ക്ക് പ്രാധാന്യം നൽകി.

1948 ലെ പ്രഖ്യാപനം കൂടുതൽ തൊഴിൽ അവസരത്തിന് സാഹചര്യം ഒരുക്കുന്ന ചെറുകിടമേഖലയ്ക്കും, കുടിൽ വ്യവസായങ്ങൾക്കും പ്രാധാന്യം നൽകി. അതോടൊപ്പം അടിസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്ഥാപിച്ച് സമ്മിശ്ര സാമ്പത്തിക നയത്തിലേയ്ക്ക് രാജ്യത്തെ നയിച്ചു.

1956 ലെ വ്യവസായ നയത്തെ രാജ്യത്തിന്റെ സാമ്പത്തിക ഭരണഘടനയെന്ന് സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിച്ചു. വ്യവസായ മേഖല A, B, C എന്ന മൂന്ന് പട്ടികകളായി തിരിച്ച് A വിഭാഗം കേന്ദ്രപൊതുമേഖലയിൽ മാത്രമായും, B വിഭാഗം പൊതുമേഖലയിലും സ്വകാര്യമേഖലയിലും ആയും, C വിഭാഗം സ്വകാര്യമേഖലയ്ക്ക് മാത്രമായും ഇനംതിരിച്ച് പ്രഖ്യാപനമുണ്ടായി.

ഇതുമൂലം പട്ടിക A യിൽ ഇരുമ്പുരുക്ക്, വൈദ്യുതി, അണുശക്തി, പ്രതിരോധം, മൈനിംഗ്, റെയിൽവേ, വാർത്താവിനിമയം, വിമാനയാത്രകളും വിമാനത്താവളങ്ങളും, വിമാന നിർമ്മാണം, തുറമുഖങ്ങൾ, കപ്പൽ നിർമ്മാണം, ധാതുലവണ ശേഖരണം, എണ്ണ ഉല്പാദനവും തുടർപ്രവർത്തനങ്ങളും ഉൾപ്പെടെ 17 ഓളം അടിസ്ഥാനമേഖലകൾ പൊതുമേഖലയിൽ മാത്രമായി നിജപ്പെടുത്തപ്പെട്ടു. ഇതുമൂലം 10 മഹാരത്ന കമ്പനികളും, 14 നവരത്നകമ്പനികളും, 78 മിനിരത്ന കമ്പനികളും ഉൾപ്പെടെ 275 ഓളം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും, LIC എന്ന ശക്തമായ സാമ്പത്തിക ഇൻഷ്വറൻസ് സ്ഥാപനവും, 6 ജനറൽ ഇൻഷ്വുറൻസ് കമ്പനികളും സ്ഥാപിതമായി. തൊഴിൽ കൊടുക്കുന്നതിലും, തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിലും, തൊഴിലാളി സേവന-വേതന വ്യവസ്ഥകൾ മാന്യമായ രീതിയിൽ നടപ്പിലാക്കുന്നതിലും, തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നതിലും ഉൾപ്പെടെ കൃത്യമായ വ്യവസ്ഥകൾ ഉണ്ടാകുകയും നടപ്പിലാക്കുകയും ചെയ്തപ്പോൾ ഈ സ്ഥാപനങ്ങൾ മാതൃകാ സ്ഥാപനങ്ങളെന്ന വിശേഷണത്തിന് അർഹരായി.

പട്ടിക B യിൽ ഉൾപ്പെട്ട വ്യവസായങ്ങൾ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി പ്രവർത്തിച്ചപ്പോൾ പൊതുമേഖലയിലെ തൊഴിലാളി സംരക്ഷണ രീതി സ്വകാര്യമേഖലയിലും അനുവർത്തിക്കേണ്ടതായി വന്നു.

പട്ടിക C യിൽ ഉൾപ്പെട്ട വ്യവസായങ്ങൾ സ്വകാര്യമേഖലകളിലായപ്പോൾ അവിടെയും ലാന്റ്, ലേബർ, കാപ്പിറ്റൽ എന്ന വ്യവസായത്തിന്റെ അടിസ്ഥാന ഘടകങ്ങൾ അംഗീകരിക്കുവാനും മിനിമം വേതനവും, ഫെയർ വേതനവും, കൂട്ടായ വിലപേശലും നടപ്പിലാക്കുവാനും, തൊഴിലാളി സംരക്ഷണ സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ പാലിക്കുവാനും സ്വകാര്യമേഖലകൾ നിർബന്ധിതരായി.

1977 ലെ നയപ്രഖ്യാപനം 1956 ലെ പ്രഖ്യാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിലായിരുന്നു. തൊഴിലവസരങ്ങളുടെ സൃഷ്ടിയും, ധനകേന്ദ്രീകരണത്തെ നിയന്ത്രിക്കലും, അധികാരവികേന്ദ്രീകരണവും, ചെറുകിട വ്യവസായങ്ങളുടെ മുൻഗണനയും, മൾട്ടിനാഷണൽ കമ്പനികളുടെ നിയന്ത്രണങ്ങളും നടപ്പിലാക്കി പൊതുമേഖലയുടെ പ്രസക്തി വർദ്ധിപ്പിച്ചു.

1980 ലെ നയപ്രഖ്യാപനം ആധുനികവൽക്കരണത്തിനും, സാങ്കേതിക വൈവിദ്ധ്യവൽക്കരണത്തിനും ലക്ഷ്യമിട്ടു. വിദേശ ടെക്നോളജിയിൽ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ ഇൻഡ്യൻ വ്യവസായങ്ങളെ ശക്തരാക്കുവാൻ കഴിയുന്നതായിരുന്നു ഈ നയപ്രഖ്യാപനം.

1991 ലെ നയപ്രഖ്യാപനം ആഗോള ഉദാര സ്വകാര്യവൽക്കരണത്തിൽ അധിഷ്ടിതമായിരുന്നെങ്കിലും വ്യവസായമേഖല മത്സരാധിഷ്ടിതമാക്കി പൊതുമേഖലയെ എല്ലാ രീതിയിലും ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിട്ടു. എന്നാൽ ഈ നയത്തിന്റെ മറവിൽ 1998 മുതൽ 2004 വരെയുള്ള വാജ്പേയ് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കാൻ പ്രത്യേക വകുപ്പ് രൂപീകരിച്ച് കാബിനറ്റ് മന്ത്രിയെതന്നെ നിയമിച്ചു. നിലവിൽ 2014 മുതൽ ഭരിക്കുന്ന നരേന്ദ്രമോഡി സർക്കാർ എല്ലാ പൊതുമേഖലകളും, തുറമുഖങ്ങളും, വ്യോമയാന പ്രവർത്തനങ്ങളും, റോഡുകളും, വൈദ്യുതി, റെയിൽവെ ഉൾപ്പെടെ എല്ലാ മേഖലകളും സ്വകാര്യവൽക്കരിച്ച് 2025 ന് മുമ്പായി 6 ലക്ഷം കോടി ഖജനാവിലേയ്ക്ക് സമാഹരിക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു.

ഈ രീതിയിൽ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നീങ്ങിയ യൂറോപ്യൻ രാജ്യങ്ങളും, അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളും വൻപ്രതിസന്ധിയിലാരിക്കുന്നു എന്ന വസ്തുത വിലയിരുത്താതെയാണ് ഈ നിലപാട് ഇൻഡ്യൻ ഭരണകൂടം സ്വീകരിച്ചിരിക്കുന്നത്.

അമേരിക്കയിലെ ലെഹ്മൻ എന്ന ഒരു സ്വകാര്യ ബാങ്കിന്റെ തകർച്ച 2008 ൽ ആഗോള സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് ലോകത്തെ നയിക്കുകയും പല

രാജ്യങ്ങളും ഗുരുതര പ്രതിസന്ധികളിലായപ്പോൾ ഇതിൽ ഇൻഡ്യയ്ക്ക് രക്ഷാകവചം ഒരുക്കിയത് ഇൻഡ്യൻ പൊതുമേഖലയാണെന്ന വസ്തുത ലോക സാമ്പത്തികവിദഗ്ധർ ഒന്നടങ്കം അംഗീകരിച്ചതാണ്.

ഈ വസ്തുതകൾ അംഗീകരിച്ച് പൊതുമേഖലാ സ്വകാര്യവൽക്കരണം പൂർണ്ണമായും ഉപേക്ഷിച്ച് ഇൻഡ്യൻ പൊതുമേഖലയെ സാങ്കേതികമായും, പ്രവർത്തനപരമായും, സാമ്പത്തികമായും ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇതേ രീതിയിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലകളെയും സംസ്ഥാന പൊതുമേഖലകളെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണമെന്നും സംസ്ഥാന സർക്കാരിനോടും ആവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമർദ്ദം കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽ ചെലുത്തുവാൻ ബഹു. പാർലമെന്റ് അംഗങ്ങളോടും നിയമസഭാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## വിലക്കയറ്റം തടയാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം

രാജ്യത്തും, സംസ്ഥാനത്തും വിലക്കയറ്റം അതിരൂക്ഷമാണ്. ക്രമാതീതമായി വിലകൾ ഉയരുകയും വരുമാനം കുറയുകയും ചെയ്യുമ്പോൾ ജനങ്ങളുടെ വാങ്ങൽശേഷി ദുർബലമാകുന്നു. ഇതിന്റെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് തൊഴിലാളികളാണ്. ഉദാര-സ്വകാര്യ-ആഗോള സാമ്പത്തിക നയങ്ങളും ഇതിനനുസരിച്ചുള്ള ഭരണകൂടങ്ങളുടെ നടപടികളും ആണ് ഈ ദുരവസ്ഥയ്ക്ക് കാരണം. യഥാർത്ഥ ആഭ്യന്തര ഉല്പാദനം കുറയുകയും, ഇറക്കുമതി വ്യാപകമാകുകയും ചെയ്തതോടുകൂടി വിലക്കയറ്റം അനിയന്ത്രിതമായി. നിലവിലുണ്ടായിരുന്ന വിലനിയന്ത്രണ നിയമം ഭരണകൂടം ദുർബലപ്പെടുത്തുക കൂടി ചെയ്തപ്പോൾ ഉല്പന്ന വിലയെത്രയെന്ന് തീരുമാനിക്കാനുള്ള അവകാശം പൂർണ്ണമായി ഉല്പാദക-വ്യവസായ-വാണിജ്യ മേഖലകളുടെ കൈകളിലായി. കിടമത്സരം വർദ്ധിപ്പിച്ച് വൻകിട കോർപ്പറേറ്റുകൾ പലമേഖലകളിലും കുത്തക ആധിപത്യം സ്ഥാപിച്ചിരിക്കുന്നു.

സാധാരണ കർഷകരുടെ കാർഷിക വിളകൾക്കും, ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്കും വിലയില്ല. എന്നാൽ വിപണിയിൽ വില കുതിച്ചുയരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുകയാണ്. മരുന്നുകളുടെ വില അക്ഷരാർത്ഥത്തിൽ തീവിലയായി മാറിയിരിക്കുന്നു. പൊതുവിതരണ സമ്പ്രദായം ദുർബലമാക്കിയതോടുകൂടി സ്വകാര്യവിപണിയും അവരുടെ ഇടനിലക്കാരും കോർപ്പറേറ്റുകളുടെ വൻ നീക്കങ്ങളും വിലവർദ്ധനവിലൂടെ ജനങ്ങളെ കൊള്ളയടിക്കുകയാണ് ഇന്ന് ചെയ്തുവരുന്നത്. പെട്രോൾ, ഡീസൽ, പാചകവാതകം ഉൾപ്പെടെയുള്ള ഇന്ധനങ്ങൾക്ക് ഏർപ്പെടുത്തിയ ക്രമാതീതമായ വിവിധ ഇനങ്ങളിലെ നികുതി വിലവർദ്ധനവ് എത്രയോ ഇരട്ടിയാക്കി ഉയർത്തിയിരിക്കുന്നു. 1991 ൽ ഒരു ലിറ്റർ പെട്രോളിന്റെ വില 15 രൂപയായിരുന്നെങ്കിൽ ഇന്ന് അത് 110 രൂപയായി ഉയർന്നിരിക്കുന്നു. ഇതേ നിലവാരത്തിലാണ് മറ്റ് ഉല്പന്നങ്ങളുടെയും വിലവർദ്ധിച്ചിരിക്കുന്നത്.

സർക്കാരുകളുടെ നിയന്ത്രണമില്ലായ്മയും എല്ലാം മത്സരാധിഷ്ടിത വിപണി നിയന്ത്രിക്കട്ടെയെന്ന സാമ്പത്തിക നയവും ആണ് ഈ ദുരവസ്ഥയ്ക്ക് കാരണം.

ശക്തമായ വിലനിയന്ത്രണ നിയമം നടപ്പിലാക്കുവാനു, പൊതുവിതരണ സമ്പ്രദായം വിപുലമായി നടപ്പിലാക്കി തൊഴിലാളികളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും വിലക്കയറ്റം തടയുവാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന്  ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതി നിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമ്മർദ്ദം പാർലമെന്റിലും നിയമസഭകളിലും ഉയർത്തി നടപടികൾ സ്വീകരിക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ബഹു. പാർലമെന്റ് അംഗങ്ങളോടും നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## സ്കീം വർക്കേഴ്സിനെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം

രാജ്യത്തെ ആരോഗ്യ സാമൂഹ്യ സാക്ഷരതാരംഗത്ത് സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ നിശബ്ദവിപ്ലവം നടത്തിവരുന്നവരാണ് അംഗനവാടി, ആശ, NHM, പാലിയേറ്റീവ് കെയർ, സാക്ഷരതാ പ്രേരക്ക്, സ്കൂൾ പാചക തൊഴിലാളികൾ തുടങ്ങിയ വിവിധ സ്കീം തൊഴിലാളികൾ.

ശിശു-പ്രസവ മരണം കുറയ്ക്കുന്നതിലും, രോഗപ്രതിരോധ പ്രവർത്തന ങ്ങളിലും, ജനസംഖ്യാ നിയന്ത്രണത്തിലും, ശൈശവ വിദ്യാഭ്യാസത്തിലും, വാർദ്ധക്യകാല രോഗീപരിചരണത്തിലും, ശുചിത്വ പരിപാലനത്തിലും, സാക്ഷ രതാ സമൂഹസൃഷ്ടിക്കും അംഗനവാടി, ആശ, NHM, പാലിയേറ്റീവ് കെയർ, സാക്ഷരതാ പ്രേരക്, സ്കൂൾ പാചക തൊഴിലാളികൾ എന്നീ വിഭാഗം സ്കീം തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ന്യായമായ സേവന വേതന പ്രതിഫലം ലഭിക്കുന്നില്ല.

രാജ്യത്തെയും സംസ്ഥാനത്തെയും നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരവും, ബഹു. സുപ്രീംകോടതി വിധികൾ പ്രകാരം ഈ വിഭാഗം തൊഴിലാ ളികൾക്ക് സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹത യുണ്ട്.

ഇവർ സമർപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ടുകളും വിവര ശേഖരണങ്ങളും ആണ് ഈ രംഗത്ത് ദേശീയ സംസ്ഥാന തല പദ്ധതി രൂപീകരണത്തിന് ഉദ്യോഗ സ്ഥർ ഉപയോഗപ്പെടുത്തുന്നത്. ലോകാരോഗ്യസംഘടനയ്ക്കും, ഐക്യരാഷ്ട്ര സഭയ്ക്കും നൽകുന്ന റിപ്പോ ർട്ടുകളും ഈ പ്രവർത്തനവിവരങ്ങളുടെ അടി സ്ഥാനത്തിലാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളുടെ പേരിൽ പലപ്പോഴും അന്തർദേശീയ തലത്തിൽ പ്രശംസയും സാമ്പത്തിക സഹായ ങ്ങളും സർക്കാരിന് ലഭ്യമായിട്ടുണ്ട് എന്നതും ഒരു വസ്തുതയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽ 99% ഉം സ്ത്രീകൾ ആണ് എന്നത് ഇവരുടെ അവകാശനിഷേധത്തിന് കാരണമാണ്.

ആയതിനാൽ ഈ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്കീംതൊഴി ലാളികൾക്ക് സമാനസ്വഭാവത്തിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരുടെ

വേതനവും, ആനുകൂല്യങ്ങളും അനുവദിക്കണമെന്നും 5 വർഷം സർവ്വീസ് പൂർത്തിയാക്കിയവരെ സർക്കാരിലെ സമാന തസ്തികകൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകൾ നൽകി സ്ഥിരം നിയമനം നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഇത് കേന്ദ്രസർക്കാരിനെക്കൊണ്ട് അംഗീകരിപ്പിച്ച് നടപ്പിലാക്കുവാൻ ബഹുമാന്യ പാർലമെന്റ് അംഗങ്ങളും, സംസ്ഥാന സർക്കാരിനെക്കൊണ്ട് അനുവദിപ്പിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ ബഹു. നിയമസഭാംഗങ്ങളും സഭയ്ക്കകത്തും പുറത്തും നടപടികൾ സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാലോചിതവും മനുഷത്വപരമായും നടപ്പിലാക്കണം.

തൊഴിലില്ലായ്മയ്ക്ക് പരിഹാരമായും, ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടും 2005 മുതൽ പ്രത്യേക നിയമത്തിലൂടെ രാജ്യത്ത് നടപ്പിലാക്കിയ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ദുർബലപ്പെടുത്തി ഇല്ലായ്മ ചെയ്യുവാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചു വരുന്നു.

തൊഴിൽ അവകാശമായി പ്രഖ്യാപിക്കണമെന്ന ആർട്ടിക്കിൾ 41 ലെ ഭരണ ഘടനാ വ്യവസ്ഥ അംഗീകരിച്ചാണ് ഈ പദ്ധതി രാജ്യത്ത് നടപ്പിലാക്കിയത്. ഇതിന് തുടക്കം കുറിച്ചത് കോൺഗ്രസ്സ് ആണെന്ന കാരണത്താൽ രാഷ്ട്രീയ മായി ഈ പദ്ധതിയെ തകർക്കുവാനും ഇല്ലായ്മ ചെയ്യുവാനും ശ്രമം നടക്കു ന്നു. ഒരു വിഭാഗം സമ്പന്ന ശക്തികളും, ചില രാഷ്ട്രീയ നേതൃത്വങ്ങളും, ഉദ്യോ ഗസ്ഥരും, മാദ്ധ്യമങ്ങളും തുടക്കം മുതൽ തൊഴിലിരുപ്പ് പദ്ധതിയെന്ന് ആക്ഷേ പിച്ച് പരിഹസിച്ചുവന്നു. മുതലാളിത്ത സാമ്പത്തികവിദഗ്ധർ ഈ പദ്ധതിയെ എതിർത്തപ്പോൾ വികസന സാമ്പത്തിക വിദഗ്ധർ ഇതിനെ സർവ്വാത്മനാ സ്വാഗതം ചെയ്തു.

ജോലി ആവശ്യപ്പെടുന്ന രാജ്യത്തെ പഞ്ചായത്തുകളിലെ ഏതൊരു കുടും ബത്തിനും പ്രതിവർഷം 100 ദിവസത്തെ ജോലിയും കൂലിയും നൽകിയിരിക്കണ മെന്നതാണ് 2005 ലെ നിയമവ്യവസ്ഥ. 18 വയസ്സ് പൂർത്തിയാകുന്നവർ യാതൊരു പ്രായപരിധിയും കൂടാതെ തൊഴിലിന് അർഹരാണെന്നും നിയമം അനുശാസിക്കുന്നു. 2023 ജനുവരി വരെയായി രാജ്യത്തെ 2,70,342 പഞ്ചായത്തു കളിലായി 17 കോടി കുടുംബങ്ങളും അതിലെ 30 കോടി തൊഴിലാളികളും ജോലിയ്ക്കായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽ 941 പഞ്ചായത്തുകളി ലായി 42 ലക്ഷം കുടുംബങ്ങളിലെ 64 ലക്ഷം തൊഴിലാളികൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ലഭ്യമാകുന്ന കുടുംബങ്ങൾ കേവലം 60 ലക്ഷം മാത്രമാണ്. സംസ്ഥാ നത്താണെങ്കിൽ 100 ദിവസം ജോലി ലഭിച്ച കുടുംബങ്ങൾ 5 ലക്ഷവും മാത്രം. പദ്ധതിയുടെ നടത്തിപ്പിലെ ക്രമക്കേടുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളുമാ ണ് ഈ ഗുരുതരവീഴ്ചയ്ക്ക് കാരണം.

കേന്ദ്രസർക്കാർ സംസ്ഥാനാടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പ്രഖ്യാപി ക്കുന്ന കൂലിയാണ് തൊഴിലാളികൾക്ക് ബാധകമെന്നും, ഇതിന് തടസ്സമുണ്ടാ

കുന്നപക്ഷം അതാതു സംസ്ഥാനങ്ങളിലെ കർഷക തൊഴിലാളികളുടെ മിനിമം വേതനമായിരിക്കും ഈ തൊഴിലാളികളുടെ കൂലിയെന്നും നിയമത്തിൽ വ്യക്തിമാക്കിയിരിക്കുന്നു. ഇതനുസരിച്ച് ഈ വിഭാഗം തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞവേതനം കർഷകതൊഴിലാളികളുടെ മിനിമം വേതനമായിരിക്കണം. എന്നാൽ നിലവിലെ കർഷകതൊഴിലാളികളുടെ പകുതി കൂലിയാണ് ഇപ്പോൾ കേന്ദ്രസർക്കാർ ഓരോ വർഷവും പ്രഖ്യാപിക്കുന്നത്. ഇത് നിയമവിരുദ്ധവും മനുഷ്യത്വരഹിതവും, തൊഴിലാളി വിരുദ്ധവും ഈ പദ്ധതിയുടെ സ്ഥാപിത ലക്ഷ്യത്തെപ്പോലും അട്ടിമറിക്കുന്നതുമാണ്.

ഈ പദ്ധതി ആരംഭിച്ചിട്ട് നിലവിൽ 18 വർഷം കഴിഞ്ഞെങ്കിലും വാർഷിക തൊഴിൽ  ദിനങ്ങൾ വർദ്ധിപ്പിക്കുവാനും, വേതനം ശാസ്ത്രീയമായി വർദ്ധിപ്പിക്കുവാനും ഭരണകൂടം തയ്യാറായിട്ടില്ല.

ആയതിനാൽ ഈ പദ്ധതിയിലെ വാർഷിക തൊഴിൽദിനങ്ങൾ 200 ആക്കി വർദ്ധിപ്പിക്കണമെന്നും, കാർഷിക - ക്ഷീര ഉല്പാദനമേഖലകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കണമെന്നും, നിയമം അനുശാസിക്കുംവിധം അതാത് സംസ്ഥാനങ്ങളിലെ കർഷകതൊഴിലാളികളുടെ മിനിമം വേതനം ഈ തൊഴിലാളികൾക്ക് ബാധകമാക്കണമെന്നും ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര - സംസ്ഥാന സർക്കാരുകളോട്  ആവശ്യപ്പെടുന്നു.

ഈ തൊഴിലാളികൾക്ക് ESI ചികിത്സ ആനുകൂല്യം ബാധകമാക്കണമെന്നും ജോലി അപകട ഇൻഷ്വറൻസ് തുക 10 ലക്ഷമായി നിശ്ചയിക്കണമെന്നും, ഗ്രാറ്റുവിറ്റി ആനുകൂല്യം അനുവദിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

നിയമപ്രകാരമുള്ള തൊഴിലും കൂലിയും നൽകുന്നതിലും മേൽപ്പറഞ്ഞ ആവശ്യങ്ങൾ അംഗീകരിപ്പിക്കുന്നതിലും കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ബഹു. പാർലമെന്റ് അംഗങ്ങളോടും, നിയമസഭാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## തോട്ടം തൊഴിലാളികളുടെ സേവന – വേതന വ്യവസ്ഥകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പിലാക്കണം.

സംസ്ഥാനത്തെ ആരംഭ വ്യവസായ-വാണിജ്യ തോട്ടം മേഖല. ആഭ്യന്തര വിപണിയിലും കയറ്റുമതി രംഗത്തും തേയില, കാപ്പി, റബ്ബർ, ഏലം, കുരുമുളക്, ഗ്രാമ്പൂ, അടയ്ക്ക എന്നീ ഉല്പന്നങ്ങളുടെ സ്വാധീനം വളരെ വലുതാണ്. ഓരോ ഉല്പന്നങ്ങളും മൂല്ല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി തോട്ടം ഉടമകളും അവരുടെ കീഴിലുള്ള കമ്പനികളും ശതകോടികൾ ലാഭം നേടുന്നു. എന്നാൽ ഈ മേഖലയിലെ ഉല്പാദന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം ഇന്നും വളരെ ദുരിതപൂർണ്ണമാണ്. 1951 ലെ പ്ലാന്റേഷൻ ലേബർ നിയമ വ്യവസ്ഥകൾ തോട്ടം ഉടമകൾ പരസ്യമായി അവഗണിക്കുന്നു. മിനിമം വേതനത്തിനെക്കാൾ ഉപരിയായി ഫെയർ വേജസ് നിശ്ചയിച്ച് നടപ്പിലാക്കാനായി രൂപീകരിക്കപ്പെട്ട പ്ലാന്റേഷൻ ലേബർ കമ്മിറ്റിയെ ദുർബലപ്പെടുത്തുന്നു. ഉല്പാദനം, ഉല്പാദനക്ഷമത, മൂല്ല്യവർദ്ധിത ഉല്പാദനം, കയറ്റുമതി ലാഭം എന്നിവ അടിസ്ഥാനമാക്കി ശാസ്ത്രീയമായി വേതനം നിശ്ചയിക്കപ്പെടുന്നില്ല. തോട്ടം ഉടമകളും, തൊഴിലുടമകളും തങ്ങളുടെ സാമ്പത്തിക, രാഷ്ട്രീയ, ഉദ്യോഗസ്ഥ സ്വാധീനങ്ങൾ ഇതിനായി വിനിയോഗിക്കുന്നു. ഇതിനെ പ്രതിരോധിക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടിരിക്കുന്നു.

സർക്കാർ തോട്ടങ്ങൾ തുച്ഛമായ തുകയ്ക്ക് പാട്ടത്തിനെടുത്താണ് വൻകിട ഉടമകൾ ഉല്പാദനം നടത്തുന്നത്. തോട്ടം ഉടമകളെന്ന് അവകാശപ്പെടുന്ന ഇവരുടെ ഈ മേഖലയിലെ മൂലധന നിക്ഷേപം നാമമാത്രമാണ്. ടൂറിസം മേഖല ശക്തിപ്രാപിച്ചതോടെ തോട്ടം ശരിയായി പരിപാലിക്കുന്നതിൽ നിന്ന് ഉടമകൾ പിൻമാറിയെന്നത് വസ്തുതയാണ്.

ആയതിനാൽ കേരളത്തിലെ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ വേതനത്തിന് സമാനമായ 900 രൂപാ പ്രതിദിനം ലഭിക്കുംവിധം ഉത്തരവ് ഇറക്കി നടപ്പിലാക്കുവാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും, 1951 ലെ പ്ലാന്റേഷൻ തൊഴിലാളി നിയമം കർശനമായി നടപ്പിലാക്കണമെന്നും, തോട്ടം തൊഴിലാളികളുടെ ജീവിതാവസ്ഥകൾ ശാസ്ത്രീയമായി തെളിവെടുപ്പ് നടത്തിയും വിലയിരുത്തിയും സമഗ്ര റിപ്പോർട്ട് മൂന്നുമാസ

ത്തിനുള്ളിൽ സമർപ്പിക്കാൻ ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി കൺവീനറായി 3 അംഗ കമ്മീഷനെ നിയമിക്കണമെന്നും, ഈ റിപ്പോർട്ട് ട്രേഡ് യൂണിയനുകളും ആയി ചർച്ച ചെയ്ത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം സംസ്ഥാന സർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഇതിനാവശ്യമായ നടപടികൾ നിയമസഭയ്ക്കകത്തും പുറത്തും നടത്തി സർക്കാരിൽ സമ്മർദ്ദം ചെലുത്തി പരിഹാരമുണ്ടാക്കണമെന്ന് ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

**INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട്**
**2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി.**
**സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ**
**ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന**
**പ്രമേയം**

## പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കണം

കയർ, കൈത്തറി, കള്ള് ചെത്ത്, കാഷ്യൂ, മത്സ്യബന്ധനം, ഖാദി, ഈറ്റ, കാട്ടുവള്ളി, തഴപ്പായ, മൺപാത്രനിർമ്മാണം, കരകൗശലം, പ്ലാന്റേഷൻ, തുടങ്ങിയ പരമ്പരാഗത മേഖലകളിലെ തൊഴിലാളികളുടെ ജീവിതം നരകതുല്യമാണ്. വേതന ത്തിന്റെ കുറവും അശാസ്ത്രീയമായ തൊഴിൽ സാഹചര്യങ്ങളും അവരെ ദുരിതത്തി ലാക്കിയിരിക്കുന്നു.

പരമ്പരാഗതമായി ലഭ്യമായ അറിവും സ്വതസിദ്ധമായ കഴിവും ഉപയോഗ പ്പെടുത്തി നാടിനും സംസ്ഥാനത്തിനും പേരും പ്രശസ്തിയും ലഭ്യമാകും വിധം ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിദേശനാണ്യം പോലും നേടി തരുന്ന ഈ സമൂ ഹത്തെ സംരക്ഷിക്കുവാനുള്ള ബാധ്യത സർക്കാരിനുണ്ട്. ലാഭം നഷ്ടം കണ ക്കാക്കി ആനുകൂല്യങ്ങൾ നിശ്ചിയക്കപ്പെടേണ്ടവരല്ല ഈ വിഭാഗം തൊഴിലാളി കൾ.

ഈ സാഹചര്യത്തിൽ ഈ മേഖലയിലെ ഓരോ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുംവിധം സപ്പോർട്ട് വേജ് സ്കീം (ആശ്വാസ വേതന പദ്ധതി) നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം സംസ്ഥാന സർക്കാരിനോട് ഈ പ്രമേയത്തി ലൂടെ ആവശ്യപ്പെടുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### മോട്ടോർ വ്യവസായമേഖല സംരക്ഷിക്കപ്പെടണം

സഞ്ചാര-വ്യാപാര-വ്യവസായ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് മോട്ടോർ വ്യവസായം. ഓട്ടോറിക്ഷ മുതൽ ഹെവി ട്രക്കുകൾവരെയുള്ള ഈ മേഖലയും ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളും കടുത്ത ജീവിത പ്രതിസന്ധിയിലാണ്. ദിനംപ്രതിയുള്ള ഇന്ധനവിലക്കയറ്റവും, വിവിധയിനം നികുതികളും, ഇൻഷ്വറൻസ് ബാദ്ധ്യതയും, സ്പെയർ പാർട്ടുകളുടെ വിലക്കയറ്റവും, കുത്തകകളുടെ ഈ രംഗത്തെ അധിനിവേശവും, ഓൺലൈൻ ഓട്ടോ-ടാക്സി സംവിധാനങ്ങളും, ആശാസ്ത്രീയമായ നിരക്ക് നിർണ്ണയവും, നിലനില്പിനായുള്ള കിടമത്സരവും, മോട്ടോർ മേഖലയെ ദുരിതത്തിലാക്കിയിരിക്കുന്നു. തൊഴിലാളികൾക്ക് ശരിയായ ജോലിയും കൂലിയും മറ്റാനുകൂല്യങ്ങളും ലഭിക്കാത്ത അവസ്ഥ വളരെ സങ്കീർണ്ണമാണ്.

നിയമപരമായി ഫെയർവേതനം നിലനിൽക്കുന്ന ചുരുക്കം ചില മേഖലകളിലൊന്നാണ് മോട്ടോർ മേഖല. ഇതനുസരിച്ച് തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ അടങ്ങുന്ന ഫെയർവേജസ് കമ്മിറ്റി നിയമപ്രകാരം നിലവിലുണ്ടെങ്കിലും അത് യോഗം ചേരാറു പോലും ഇല്ല എന്ന അവസ്ഥ ആരും ഗൗരവമായി കാണുന്നില്ല. ഇതിന്മേൽ കൃത്യമായ നടപടികൾ നടത്തേണ്ട തൊഴിൽവകുപ്പ് നിസ്സങ്കതരായി നിൽക്കുന്നു.

തൊഴിലാളി തൊഴിലുടമ വിഹിതം കൃത്യമായി അടച്ചും സെസ്സ് പിരിച്ചും നടത്തപ്പെടുന്ന തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം വളരെ ദുർബലമാണ്. അർഹരായ തൊഴിലാളികളെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിലും, ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിലും ഗുരുതര അലംഭാവമാണുള്ളത്. പല തൊഴിലുടമകളും തൊഴിലാളികളല്ലാത്ത തങ്ങളുടെ ബന്ധുക്കളെയും സ്വന്തക്കാരെയും അംഗങ്ങളാക്കി ക്ഷേമനിധി ആനുകൂല്യങ്ങൾ അനധികൃതമായി തട്ടിയെടുക്കുമ്പോൾ യഥാർത്ഥ തൊഴിലാളികൾ പുറന്തള്ളപ്പെടുന്നു.

ആയതിനാൽ ഫെയർവേജസ് നിർണ്ണയ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും, നിരക്കുകൾ നിർണ്ണയിക്കുന്നതിലും ക്ഷേമനിധി പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലും ശാസ്ത്രീയമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ഹൈക്കോടതി റിട്ടേയർഡ് ജഡ്ജിയുടെ നേതൃത്വത്തിൽ 3 അംഗ

കമ്മീഷനെ നിയമിക്കണമെന്നും 3 മാസത്തിനുള്ളിൽ റിപ്പോർട്ട് ശേഖരിച്ചും ഈ റിപ്പോർട്ട് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് തീരുമാനിച്ചും സമയബന്ധിതമായി നടപ്പിലാക്കി ഈ വ്യവസായത്തെ എല്ലാ രീതിയിലും രക്ഷിക്കുവാനും, പുനരുദ്ധരിക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ സർക്കാരിൽ സമ്മർദ്ദം ചെലുത്തി തൊഴിലാളികളുടെയും ഈ മേഖലയുടെയും വിഷയങ്ങൾ പരിഹരിക്കുവാൻ ബഹു. നിയമസഭ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## കർഷകതൊഴിലാളി സംരക്ഷണം ഉറപ്പ് വരുത്തുവാൻ സമഗ്രപദ്ധതി രൂപീകരിക്കണം

സംസ്ഥാന ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തിന്റെയും ഉപജീവനമാർഗ്ഗം കാർഷികമേഖലയാണ്. തോട്ടം ഉല്പന്നങ്ങൾക്ക് ഉപരിയായി നെല്ല്, തേങ്ങ, വാഴപ്പഴം, മറ്റ് പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, കൂണുകൾ, അടയ്ക്ക എന്നിവയുടെ ഉല്പാദനം വളരെ വ്യാപകമാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും, ചെറുകിട കർഷകർക്കും ശരിയായ കൂലിയും, ഉല്പന്ന വിലയും ഇന്ന് ലഭിക്കുന്നില്ല. പ്രകൃതി കാലാവസ്ഥ വ്യതിയാനങ്ങളും, വിപണിയിലെ കിട മത്സരവും, ഉല്പന്നങ്ങളുടെ അഴുകൽ സ്വഭാവവും, ഇടനിലക്കാരുടെ ചൂഷണവും, കുത്തകകളുടെ അനിയന്ത്രിത ലാഭമോഹവും ഈ മേഖലയെ തകർക്കുകയും തൊഴിലാളികളുടെ ജീവിതം ദുരിതത്തിലാക്കുകയും ചെയ്യുന്നു. കർഷകരെയും, കർഷക തൊഴിലാളികളെയും സഹായിക്കാനെന്ന പേരിൽ പ്രത്യേക വകുപ്പും, മന്ത്രിയും, യൂണിവേഴ്സിറ്റികളും, ഗവേഷണകേന്ദ്രങ്ങളും, പ്രാദേശിക ആഫീസുകളും വരെ നിരവധി ഉണ്ടെങ്കിലും കർഷകരുടെയും തൊഴിലാളികളുടെയും യഥാർത്ഥ പ്രശ്നങ്ങൾക്ക് ഇവയൊന്നും പ്രായോഗികമായി പരിഹാരം ആകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

കാർഷിക ഉല്പന്നങ്ങൾക്ക് വ്യവസായ ഉല്പന്നങ്ങൾക്ക് സമാനമായ രീതിയിൽ ശാസ്ത്രീയ വില സ്ഥിരതയുണ്ടാകണം. വിളവെടുപ്പിനോടൊപ്പം അമൂൽ, മിൽമ മാതൃകയിൽ സംഭരണത്തിന് കൃത്യമായ സംവിധാനം ഉണ്ടാകണം. അദ്ധ്വാനവും, പൂർണ്ണ കൃഷി ചെലവും പ്രകൃതിക്ഷോഭ വിളനാശത്തിന്റെ ഭാഗമായി കണക്കാക്കി മുഴുവൻ തുകയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം.പ്രതിദിനം 1000 രൂപാ ഒരു കർഷകതൊഴിലാളിക്കും, കർഷകനും 365 ദിവസവും ലഭ്യമാകുംവിധം ശാസ്ത്രീയമായി വരുമാനം നിജപ്പെടുത്തണം.

ഈ വിഷയങ്ങൾ ഉൾക്കൊണ്ട് സമഗ്രമായ ഒരു കാർഷിക ഉല്പാദനവിപണന നയം കർഷക സംഘടനകളും, ട്രേഡ് യൂണിയനുകളും ഈ രംഗത്തെ വിദഗ്ദ്ധരും കൂടി വിശകലനം ചെയ്ത് ആവശ്യമെങ്കിൽ സർക്കാരിന്റെ ഭാഗത്തു നിന്നും ആശ്വാസവേതനപദ്ധതി അടക്കം നടപ്പിലാക്കി ഒരു സമഗ്ര പുനഃരുദ്ധാര

ണ പദ്ധതിക്ക് രൂപം കൊടുക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോടാവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ ശക്തമയ ഇടപെടൽ നടത്തി പരിഹാരം ഉണ്ടാക്കുവാൻ ബഹു. നിയമസഭ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## മത്സ്യതൊഴിലാളികളുടെ ജീവിതസംരക്ഷണം ശാസ്ത്രീയമായി ഉറപ്പ് വരുത്തണം

590 കിലോമീറ്റർ സമുദ്രതീരവും, 44 ഓളം നദികളും, 52 ഓളം നാടൻ ജലാശയങ്ങളും ഉള്ള കേരളം സമുദ്ര-ഉൾനാടൻ മത്സ്യസമ്പത്തിന്റെ കലവറയാണ്. പ്രകൃതി അനുഗ്രഹിച്ചു നൽകിയ ഈ വിഭവസമ്പത്ത് ശരിയായ രീതിയിൽ സമാഹരണം നടത്തുന്നതിൽ പല കാരണങ്ങളാലും സംസ്ഥാനം പരാജയപ്പെട്ടിരിക്കുന്നു.

മത്സ്യബന്ധനവും, അനുബന്ധ പ്രവർത്തനങ്ങളിലും ആയി 4 ലക്ഷത്തോളം തൊഴിലാളികൾ സംസ്ഥാനത്ത് പണിയെടുക്കുമ്പോൾ അത്രയും കുടുംബങ്ങളാണ് അതിജീവനത്തിനായി പോരാടുന്നത്. ആഭ്യന്തര രംഗത്തും, കയറ്റുമതിയിലും വളരെ വിപുലമായ വിപണിയുള്ളപ്പോൾ ഈ രംഗത്ത് അത് വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ സർക്കാരിന്റെ തലതിരിഞ്ഞ നയസമീപനങ്ങൾമൂലം കഴിയുന്നില്ല.

ഇടനിലക്കാരുടെ വൻ ചൂഷണവും, മൂല്ല്യവർദ്ധിത ഉല്പന്ന വിപണിയും വഴി സമ്പന്നന്മാർ ശതകോടികളുടെ നേട്ടം കൈവരിക്കുമ്പോൾ യഥാർത്ഥ തൊഴിലാളികൾ അർദ്ധപട്ടിണിക്കാരും, ചൂഷിതവിഭാഗവും ആയി ഇന്നും ജീവിക്കുന്നു. പ്രഖ്യാപനങ്ങളും, വാഗ്ദാനങ്ങളും, പ്രലോഭനങ്ങളും ഭരണകൂടം നൽകുന്നുണ്ടെങ്കിലും അതിന്റെ ഒരംശം പോലും തൊഴിലാളികൾക്ക് ഇന്നും ലഭ്യമാകുന്നില്ല. ഒരു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വകുപ്പും, ഈ വകുപ്പിന് കീഴിൽ പല പേരുകളിലായി 9 ഓളം പ്രത്യേക വിഭാഗങ്ങളും സേവന രംഗത്ത് ഉണ്ടെങ്കിലും ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതം നരകതുല്യം തന്നെ.

മത്സ്യതൊഴിലാളി പിടിച്ചുകൊണ്ടുവരുന്ന ഒരു മത്തിക്ക് വിപണിയിൽ 10 രൂപാ ഉപഭോക്താവ് നൽകുന്നു. ഇതേ മത്തി പഞ്ചനക്ഷത്രഹോട്ടലിലെത്തുമ്പോൾ 300 രൂപയുടെ മൂല്ല്യവർദ്ധിത വസ്തുവായി മാറുന്നു. എന്നാൽ ഇതേ

മത്തി പിടിച്ചുകൊണ്ടുവന്ന തൊഴിലാളിക്ക് 25 പൈസയോ, 50 പൈസയോ കിട്ടി യാൽ ഭാഗ്യം. ഇതാണ് പൊതുസ്ഥിതി.

ആയതിനാൽ തൊഴിലാളികൾ സമാഹരിച്ചു കൊണ്ടുവരുന്ന ഓരോ മത്സ്യ വിഭാഗത്തിനും മാന്യമായ വില സ്ഥിരതയുണ്ടാകണം. ഈ വിലയുടെ അടി സ്ഥാനത്തിൽ മുഴുവൻ മത്സ്യവും ശേഖരിക്കാനും ശരിയായി ഫ്രീസ് ചെയ്ത് സൂക്ഷിക്കുവാനും കൃത്യമായ വിലയിൽ പൊതുവിപണിയിൽ വിതരണം ചെയ്യു വാനും സാധിക്കുംവിധം അമൂലിന്റെയും, മിൽമയുടെയും പ്രവർത്തനരീതിയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണി നിയന്ത്രിക്കപ്പെടണം.

തൊഴിലാളികൾക്ക് മാന്യമായ വേതനം എല്ലാ മാസവും ലഭ്യമാകുന്ന സാഹചര്യവും, തൊഴിലാളികളുടെ കുടുംബത്തിന് ഭവനം, ആരോഗ്യപരിപാല നം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്കായി സമഗ്രപദ്ധതിയും, മാന്യമായ അപടകട ഇൻഷ്വറൻസും ഉൾപ്പെടെയുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടും വിധം സമഗ്രമായ ഒരു മാതൃകാ പദ്ധതിക്ക് ഈ രംഗത്തെ വിദഗ്ദ്ധരും, തൊഴി ലാളികളും, ട്രേഡ് യൂണിയനുകളും ആയി കൂടിയാലോചിച്ച് ശാസ്ത്രീയമായി തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരി ക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയ ത്തിലൂടെ കേരള സർക്കാരിനോടാവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ അനുകൂല നടപടി സ്വീകരിക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ബഹു. നിയമസഭ അംഗങ്ങളോടും അഭ്യർത്ഥിക്കു ന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## കയറ്റിറക്ക് തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കപ്പെടണം

കായികാദ്ധ്വാനത്തിന്റെ പ്രതീകവും പലരീതിയിലും സാമൂഹ്യ ജീവിതത്തിന്റെ ഭാഗവും ആയി മാറിയ കയറ്റിറക്ക് തൊഴിലാളികളുടെ ജീവിതം ഇന്ന് ദുരിതപൂർണ്ണമാണ്. യന്ത്രവൽക്കരണ നടപടികളും ഈ രംഗത്തെ പുത്തൻ തൊഴിൽ നിയമവ്യവസ്ഥകളും, തൊഴിലുടമകളുടെ ശാഠ്യവും കോടതി ഇടപെടലും ഈ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഇല്ലാതാക്കിയിരിക്കുന്നു.

തൊഴിൽതേടി പാതയോരങ്ങളിൽ സദാസമയവും നിലയുറപ്പിച്ചിരിക്കുന്ന ഈ വിഭാഗം തൊഴിലാളികൾ സാമൂഹ്യപ്രവർത്തനരംഗത്ത് നടത്തുന്ന നിസ്വാർത്ഥസേവനങ്ങളെ പൊതുസമൂഹം കണ്ടില്ലെന്ന് നടിക്കുന്നു. നിരന്തരം ഉണ്ടാകുന്ന വാഹന അപകടങ്ങളിലും, പ്രകൃതി ദുരന്തങ്ങളിലും, മറ്റ് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലും ഒരു പ്രതിരോധ കവചമായി ഈ തൊഴിലാളികൾ പ്രവർത്തിക്കുന്നതിനെ സമൂഹം പലപ്പോളും പ്രകീർത്തിച്ചിട്ടുള്ളതാണ്. എന്നാൽ ചില വ്യക്തികളും, സ്ഥാപനങ്ങളും ഇവർക്കെതിരെ അട്ടഹാസം മുഴക്കുമ്പോൾ പൊതുസമൂഹം ഇവരെ സാമൂഹ്യവിരുദ്ധരും വികസന വിരോധികളും ആയി ചിത്രീകരിക്കുന്നു. എന്തെല്ലാം ആരോപണങ്ങളും, ആക്ഷേപങ്ങളും ഈ തൊഴിലാളികൾക്കെതിരെ ഉന്നയിക്കപ്പെട്ടാലും വർഷങ്ങളായി ഈ രംഗത്ത് പണിയെടുക്കുന്ന ആരുംതന്നെ കോടീശ്വരന്മാരും, ശതകോടീശ്വരന്മാരും ആയി മാറിയിട്ടില്ല. ജീവിതകാലത്തും, വാർദ്ധക്യകാലത്തും പട്ടിണിയും പരിവെട്ടവും ആയിട്ടാണ് ബഹുഭൂരിപക്ഷം തൊഴിലാളികളും തങ്ങളുടെ ജീവിതം നയിക്കുന്നത്.

ആയതിനാൽ യന്ത്രവൽക്കരണത്തിലൂടെ നഷ്ടമാകുന്ന തൊഴിലിന് ജീവിതപ്രതിഫലം ലഭ്യമാകുംവിധം നിലവിലെ ഏകപക്ഷീയമായ നിയമവ്യവസ്ഥകൾ ഒഴിവാക്കുവാനും, മനുഷത്വപരമായ രീതിയിൽ തൊഴിലാളിസംരക്ഷണം ഉറപ്പ് വരുത്തി ശാസ്ത്രീയമായ രീതിയിൽ നിയമവ്യവസ്ഥകൾ രൂപീകരിക്കുവാൻ നട

പടികൾ സ്വീകരിക്കണമെന്നും ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമ്മർദ്ദം സർക്കാരിൽ ചെലുത്തുവാൻ ബഹു. നിയമ സഭ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### KSRTC യെ മാതൃക പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിപ്പിക്കണം

സംസ്ഥാന സർക്കാരിന്റെ മുഖവും, സാധാരണക്കാരുടെ യാത്രാസംവിധാനവും ആയ KSRTC ഗുരുതര പ്രതിസന്ധിയിലാണ്. സർവ്വീസുകൾ ശരിയായ രീതിയിൽ നടക്കുന്നില്ല. തൊഴിലാളികൾക്കും ജീവനക്കാർക്കും കൃത്യമായി ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നില്ല. പെൻഷൻ മാസങ്ങളായി മുടങ്ങിയിരിക്കുന്നു.

മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും, സർക്കാരിന്റെ തെറ്റായ നയവൈകല്യങ്ങളുമാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. തൊഴിലാളികളെ വെല്ലുവിളിച്ചും, പ്രകോപനപരമായ പ്രസ്ഥാവനകൾ ഇറക്കിയും ബോധപൂർവ്വം മാനേജ്മെന്റ് പ്രകോപനം സൃഷ്ടിക്കുന്നു. ഭാഗീകമായി സ്വകാര്യവൽക്കരണത്തിലേയ്ക്ക് കടന്നിരിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ഗൂഢലക്ഷ്യം.

സ്വകാര്യമേഖല ഏത് രൂപത്തിലായാലും ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത് ജനസേവനത്തിനോ സർക്കാരിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനോ സാമൂഹ്യ പ്രതിബന്ധതയ്ക്ക് വേണ്ടിയോ അല്ല. മറിച്ച്, ലാഭം മാത്രമാണ് അവരുടെ ലക്ഷ്യം എന്ന തിരിച്ചറിവ് ഭരണകൂടങ്ങൾക്ക് ഉണ്ടാകണം.

രാജ്യം സ്വാതന്ത്ര്യം നേടുന്നതിനും, കേരള സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിനും മുമ്പ് 1938 ൽ ട്രാവൻകൂർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റായി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 1965 ൽ കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനായി മാറി. സർക്കാരിന്റെ സാമൂഹ്യ പ്രതിബന്ധതയുടെ ഭാഗമായി സാധാരണക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, രോഗികൾ, വികലാംഗർ എന്നിവർക്ക് സഹായസേവന രംഗമായിട്ടാണ് ഈ സ്ഥാപനത്തെ ഏത് കാലത്തും സർക്കാർ കണ്ടിരുന്നത്. അതിന്റെ ഭാഗമായി സാമ്പത്തിക ബാദ്ധ്യതകൾ ഏറെ ഈ സ്ഥാപനത്തിന് ഏറ്റെടുക്കേണ്ടിവന്നു. ഈ സേവനരംഗങ്ങളിൽ നിന്നും പിൻമാറി സാമ്പത്തിക ബാദ്ധ്യതകൾ ഒഴിവാക്കാനുള്ള ശ്രമത്തിലാണ് ഭരണകൂടം. ഇതിനായി ഈ സ്ഥാപനത്തെ ദുർബലമാക്കി സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുന്നു. ഇത് ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവും, സാമൂഹ്യപ്രതിബന്ധതയിൽ നിന്നുള്ള സർക്കാരിന്റെ ഒളിച്ചോട്ടവും ആണ്.

സംസ്ഥാനത്തെ പട്ടണങ്ങളുടെയും, വാണിജ്യമേഖലയുടെയും കേന്ദ്ര ബിന്ദു ആണ് KSRTC. മോഹിക്കുന്ന വിലമതിക്കാനാവാത്ത ഭൂമി, മാർക്കറ്റിംഗിന് പരസ്യം ആവശ്യം ഇല്ലാത്ത വ്യവസായം, കിട്ടാക്കടം ഉണ്ടാകാത്ത വ്യവസായം, ആധുനിക ടെക്നോളജി ആവശ്യമില്ലാത്ത വ്യവസായം, 10-ാം ക്ലാസ്സ് വിദ്യാഭ്യാസവും സാമാന്യബോധവും ഉണ്ടെങ്കിൽ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന സ്ഥാപനം. അതാണ് ചുരുക്കത്തിൽ KSRTC.

സെക്രട്ടറിയേറ്റിലെ ചുവപ്പ് നാടയുടെ കുരുക്കിൽ നിന്നും ഈ സ്ഥാപനത്തെ മോചിപ്പിച്ച് നാളിതുവരെയുള്ള കടബാദ്ധ്യതകൾ എഴുതിത്തള്ളി, ഉത്തരവാദിത്വത്തോടെയുള്ള സ്വതന്ത്രപ്രവർത്തനം അനുവദിച്ച്, മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്വത്തോടെ തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് ഈ സ്ഥാപനം പ്രവർത്തിപ്പിച്ചാൽ വൻനേട്ടങ്ങൾ കൈവരിക്കാൻ ഈ സ്ഥാപനത്തിന് കഴിയും.

ആയതിനാൽ ഈ വിഷയം തുറന്ന മനസ്സോടെ ട്രേഡ് യൂണിയനുകളുമായി സമയപ്പെടുത്ത് ചർച്ച ചെയ്യുവാനും നിലവിലെ പ്രതിസന്ധി പരിഹരിച്ച് 85 വർഷത്തെ ചരിത്ര പാരമ്പര്യമുള്ള ഈ സ്ഥാപനത്തെ മാതൃകാ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിപ്പിക്കുവാനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഈ രീതിയിൽ നടപടികൾ സ്വീകരിക്കുവാൻ ബഹു: നിയമസഭാംഗങ്ങൾ സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷനെ പൊതുമേഖലയിൽ സംരക്ഷിക്കണം

ലോകവ്യവസായ വിപ്ലവത്തിന്റെയും ഇൻഡ്യൻ വ്യവസായ വിപ്ലവത്തിന്റെയും ചരിത്ര അടയാളമാണ് തുണിമിൽ വ്യവസായം. 1956 ലെ വ്യവസായ നയത്തിന്റെ ഭാഗമായി രാജ്യത്തെ 119 ഓളം സ്വകാര്യ മില്ലുകൾ ഏറ്റെടുത്ത് 1968 ൽ കേന്ദ്രസർക്കാർ ആരംഭിച്ച നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷൻ ഇന്ത്യൻ ടെക്സ്റ്റയിൽ രംഗത്ത് മാതൃകാ സ്ഥാപനമായി മാറി. തൊഴിലവസരം സൃഷ്ടിക്കുന്നതിലും, ആഭ്യന്തര ഉല്പാദന വളർച്ചയിലും, വസ്ത്രനിർമ്മാണത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലും, വിലനിയന്ത്രണത്തിലും ഈ സ്ഥാപനം നിർണ്ണായകഘടകമായി മാറി.

എന്നാൽ ഉദാര സ്വകാര്യ ആഗോളവൽക്കരണ നയങ്ങളുടെ വരവോട് കൂടി ടെക്സ്റ്റയിൽ കയറ്റുമതി ഇറക്കുമതി രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി ഈ സ്ഥാപനത്തിന്റെ അടിത്തറയിളക്കി. ഈ സ്ഥാപനത്തിന്റെ സംരക്ഷണം ഏറ്റെടുക്കുന്നതിൽ കേന്ദ്രസർക്കാർ വരുത്തിയ വീഴ്ചയും, വിപണനരംഗത്തെ കിടമത്സരവും മൂലം ബഹുഭൂരിപക്ഷം മില്ലുകളും അടച്ചുപൂട്ടി. മറ്റുള്ളവയും അടച്ചുപൂട്ടി ആസ്തികൾ മുഴുവനായി സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള നീക്കങ്ങൾ നടന്നുവരുന്നു. ഈ നടപടി മൂലം പ്രത്യക്ഷമായും പരോക്ഷമായും ഈ മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ നിത്യദുരിതത്തിലാണ്.

ഈ നടപടി ടെക്സ്റ്റയിൽ രംഗം പൂർണ്ണമായി സ്വകാര്യമേഖലയ്ക്ക് തീറെഴുതുന്നതിന് തുല്ല്യമാണ്. യാതൊരു നിയന്ത്രണവും ഇല്ലാത്ത ഇറക്കുമതി നയത്തിന്റെ ഫലമായി ഉല്പാദനം നിർത്തിവച്ച് ഇറക്കുമതിയിലൂടെ കൂടുതൽ ലാഭം നേടുവാൻ സ്വകാര്യമേഖല ശ്രമിക്കുന്നു. ഇതുമൂലം തൊഴിലില്ലായ്മയും, ആഭ്യന്തര ഉല്പാദനത്തിന്റെ തകർച്ചയും വിപണിയിലെ വിലക്കയറ്റവുമാണ് അന്തിമഫലം. ലക്ഷ്യബോധവും, ദീർഘവീക്ഷണവും ഇല്ലാതെ രാജ്യത്തെ പ്രധാന പൊതുമേഖലാസ്ഥാപനമായ നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷനെ തകർക്കുന്ന നടപടി തൊഴിലാളി വിരുദ്ധവും, ജനവിരുദ്ധവും, രാജ്യവിരുദ്ധവുമാണ്.

ആയതിനാൽ ഈ സ്ഥാപനത്തെ സംരക്ഷിക്കുവാനും കൂടുതൽ വികസന സാദ്ധ്യതകളോടും കൂടി പ്രവർത്തിപ്പിക്കുവാനും നടപടികൾ സ്വീകരിക്കണ മെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം കേന്ദ്രസർക്കാരി നോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

വളരെ ഗൗരവ്വമാർന്ന ഈ വിഷയത്തിൽ ബഹു. പാർലമെന്റ് അംഗങ്ങൾ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ലെ ങ്കിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ഈ കോർപ്പറേഷന്റെ 5 മില്ലുകൾ രാജ്യ ത്തിന് മാതൃകയായി കേരള സർക്കാർ ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖല യിൽ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരി നോട് അഭ്യർത്ഥിക്കുന്നു.

ഇതിനാവശ്യമായ നടപടികൾ സഭയ്ക്കകത്തും പുറത്തും സ്വീകരിക്കു വാൻ ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീ കരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

**INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം**

## ഗ്രാറ്റുവിറ്റി ആനുകൂല്യം ഉയർത്തണം

ജീവനക്കാരും, തൊഴിലാളികളും ഒരു സ്ഥാപനത്തിൽ ജോലി ചെയ്തതിന് ശേഷം വിരമിക്കുമ്പോഴോ, ജോലി രാജിവയ്ക്കുമ്പോഴോ ചെയ്ത കാലത്തെ സേവനത്തിന് സാമൂഹ്യസുരക്ഷയുടെ ഭാഗമായി ഒരു നിശ്ചിതതുക ലഭ്യമാകും വിധം 1972 ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമമാണ് 1972 ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം.

നിലവിൽ ഒരു വർഷത്തെ സർവ്വീസിന് 15 ദിവസത്തെ ശമ്പളവും പരമാവധി 20 ലക്ഷം രൂപയാണ് ഈ ഇനത്തിൽ നൽകുന്നത്. എന്നാൽ പല സ്ഥാപനങ്ങളിലും നിലവിലെ ശമ്പളവും നിയമനവ്യവസ്ഥയും ആയി കണക്ക് കൂട്ടുമ്പോൾ ജീവനക്കാർക്കും തൊഴിലാളികൾക്കും വളരെയേറെ നഷ്ടം സംഭവിക്കുന്നു.

ആയതിനാൽ ഒരു വർഷത്തെ സർവ്വീസിന് 30 ദിവസത്തെ ശമ്പള ആനുകൂല്യം നൽകുവാനും, പരമാവധി ഗ്രാറ്റുവിറ്റി തുക 50 ലക്ഷമായി വർദ്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം കേന്ദ്രസർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കുവാൻ ബഹു. പാർലമെന്റ് അംഗങ്ങൾ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

**INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം**

**2022 ലെ കേന്ദ്ര ഇലക്ട്രിസിറ്റി ഭേദഗതിബിൽ ഉപേക്ഷിക്കുക**

വൈദ്യുതി ഉപഭോക്താക്കളെയും, തൊഴിലാളികളെയും ഒരേപോലെ പ്രതികൂലമായി ബാധിക്കുന്ന നിയമമാണ് നിലവിൽ കേന്ദ്രസർക്കാർ പാർലമെന്റിൽ കൊണ്ടുവന്നിരിക്കുന്ന 2022 ലെ ഇലക്ട്രിസിറ്റി ഭേദഗതിബിൽ. വൈദ്യുതി മേഖലയും ആയി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിവിധ തലങ്ങളിലായി വേർതിരിച്ച് സ്വകാര്യവൽക്കരിക്കാനുള്ള നടപടികളുടെ ഭാഗമാണ് ഈ ബിൽ. ദുർബലവിഭാഗങ്ങളും, കാർഷികമേഖലയും, ചെറുകിട വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും ഉൾപ്പെടെ വിവിധ മേഖലകൾക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന താരിഫ് ഇളവുകളും മറ്റ് ആനുകൂല്യങ്ങളും കാലക്രമത്തിൽ ഇല്ലായ്മ ചെയ്യുവാനുള്ള നിയമമാണിത്.

പെട്രോൾ, ഡീസൽ, പാചകവാതകത്തിനും, മറ്റ് ഇന്ധനങ്ങൾക്കും ദിവസേന വിലവർദ്ധനവ് നടത്തുന്നതുപോലെ വൈദ്യുതിക്കും മാസംതോറും അഥവാ ദിവസംതോറും വിലവർദ്ധനവ് വരുത്തുവാനുള്ള നടപടികളുടെ ഭാഗം കൂടിയാണ് പുതിയ ഭേദഗതി ബിൽ.

ആയതിനാൽ തൊഴിലാളി ദ്രോഹപരവും, ജനവിരുദ്ധവുമായ ഈ ഇലക്ട്രിസിറ്റി ഭേദഗതി ബിൽ അടിയന്തിരമായി പിൻവലിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു.

ഈ ബിൽ പിൻവലിപ്പിക്കാൻ സഭയ്ക്കകത്തും പുറത്തും ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ബഹു. പാർലമെന്റ് അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ ബിൽ പിൻവലിക്കണമെന്ന കേരള സർക്കാരിന്റെയും, കേരള നിയമസഭയുടെയും ആവശ്യം കേന്ദ്രസർക്കാരിനെ അറിയിച്ച് ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് കേരള സർക്കാരിനോടും ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഇതോടൊപ്പം കേരളത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാൻ പോകുന്ന ജനവിരുദ്ധവും, തൊഴിലാളി വിരുദ്ധവും ആയ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുവാൻ കേരള സർക്കാർ തയ്യാറാകണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

**INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം**

## തൊഴിൽ നിയമങ്ങൾ കർശനമാക്കി തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തണം

ഏതൊരു രാജ്യത്തിന്റെയും ഭരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തൊഴിൽ വകുപ്പ്. എന്നാൽ ഇൻഡ്യയിൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവഗണിച്ചിരിക്കുന്നു. സ്വതന്ത്ര ഭാരതത്തിലെ ആദ്യ 37 വർഷത്തെ ഭരണത്തിൽ തൊഴിലാളികൾക്കും തൊഴിൽ മേഖലയ്ക്കും തൊഴിൽ വകുപ്പിനും പ്രത്യേക പരിഗണന നൽകിയിരുന്നു. തൊഴിലാളി സംരക്ഷണ വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ടു. അതിന് പിന്നാലെ തൊഴിലാളി സംരക്ഷണത്തിനായി നിരവധി പ്രത്യേക നിയമനിർമ്മാണങ്ങളും നിലവിൽ വന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തൊഴിൽ മേഖലയ്ക്ക് പ്രത്യേക വകുപ്പും ശക്തരായ മന്ത്രിമാരും ഉണ്ടായി. നിയമലംഘനങ്ങൾക്കെതിരെ നടപടികൾക്കായി പ്രത്യേക ലേബർ കോടതിയും, ലേബർ ട്രിബൂണലും കൂടി വന്നപ്പോൾ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം ശക്തമായി.

എന്നാൽ 1991 ൽ ലോകവ്യാപകമായി ആഗോള ഉദാരവൽക്കരണ നയങ്ങൾ നടപ്പിലാക്കപ്പെട്ടപ്പോൾ അന്നുവരെ വ്യവസായ വാണിജ്യ മേഖലയിൽ നിലനിന്നിരുന്ന ലാന്റ്, ലേബർ, കാപ്പിറ്റൽ എന്ന അടിസ്ഥാനഘടകങ്ങളിൽ ലേബർ എന്നത് ഒഴിവാക്കപ്പെട്ടു. ഉല്പാദനവും, വിപണിയും നിയന്ത്രിക്കുന്നത് തൊഴിലാളികളുടെ അദ്ധ്വാനം അല്ല, മറിച്ച് മൂലധനം മാത്രമാണ് എന്ന വാദം പ്രചരിക്കപ്പെട്ടു. ഇതിന് പ്രോത്സാഹനമായി ''ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്'' എന്ന ആശയവും ശക്തമായി. ഇതിന്റെ പേരിൽ തൊഴിൽവകുപ്പിനെ ദുർബലപ്പെടുത്തി, തൊഴിൽനിയമ ലംഘനങ്ങൾക്കെതിരെ നടപടിയില്ലാതാക്കി. ലേബർ കോടതികളെയും, ട്രിബൂണലുകളെയും അപ്രസക്തമാക്കി. മിനിമം വേതനം, ഫെയർ വേതനം, EPF, ESI, ബോണസ്സ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൽ ഇല്ലായ്മ ചെയ്യുവാൻ ബോധപൂർവ്വം ശ്രമം നടന്നിരിക്കുന്നു. ലേ ഓഫും, ലോക്കൗട്ടും, പിരിച്ചുവിടലും നിർബാധം നടത്താമെന്ന നിലവന്നു.

3.58 കോടി ജനങ്ങളുള്ള സംസ്ഥാനത്ത് 1.7 കോടി തൊഴിലാളികളാണുള്ളത്. ഈ സംഘടിത-അസംഘടിത തൊഴിലാളികളുടെ നിയമസംരക്ഷണത്തിനും, ക്ഷേമനിധി പ്രവർത്തനങ്ങൾക്കുമായി തൊഴിൽവകുപ്പിൽ ഉള്ള ആകെ ജീവന

ക്കാർ ആയിരത്തിൽ താഴെ മാത്രമാണ്. കഴിഞ്ഞ കാലങ്ങളിൽ തൊഴിൽവകുപ്പിന് മാത്രമായി ഒരു മന്ത്രിയുണ്ടായിരുന്നെങ്കിൽ ഇന്ന് പല വകുപ്പുകൾ ചേർന്നുള്ള മന്ത്രിയാണ് ഉള്ളത്. തൊഴിൽ തർക്കങ്ങൾ ഉന്നയിച്ചാൽ ശ്രദ്ധിക്കാൻ ആരും ഇല്ല.

ആയതിനാൽ തൊഴിൽ നിയമലംഘനങ്ങൾ വികസിത രാജ്യങ്ങളിലെ പോലെ ക്രിമിനൽ കുറ്റമായി പരിഗണിച്ച് കർശന നടപടികൾ സ്വീകരിക്കുവാനും, ലേബർ കോടതികളെയും, ട്രിബ്യൂണലുകളെയും, ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലേക്ക് കൊണ്ടുവരാനും, ഇതിനാവശ്യമായ ജീവനക്കാരെ ശാസ്ത്രീയമായി കണ്ടെത്തി നിയമിക്കാനും അതുവഴി തൊഴിൽവകുപ്പിനെ എല്ലാ രീതിയിലും ശക്തിപ്പെടുത്തുവാനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം കേരള സർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തുവാൻ ബഹു. കേരള നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പ് വരുത്തണം

തൊഴിലും ജീവനോപാധികളും തേടിയുള്ള മനുഷ്യന്റെ പ്രയാണം അടിമ കാലം മുതലുള്ളതാണ്. ജന്മനാടും, ദേശവും, സംസ്ഥാനവും, രാജ്യവും വിട്ടുള്ള അതിജീവന പലായനം മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. പിന്നീട് ഇത് അടിമകളും, അടിമവ്യാപാരവും ആയി മാറി. ഇതിന് നിരോധനമായപ്പോൾ സ്വത ന്ത്രപലായനങ്ങൾ ആരംഭിച്ചു. ജോലിയ്ക്കും കൂടുതൽ വരുമാനത്തിനും വേണ്ടി യായി ഇത് മാറി. ഇവിടെയും മനുഷ്യാദ്ധ്വാന ചൂഷണം വ്യാപകമായി. ഇത് നിയന്ത്രിക്കുന്നതിനായി ഓരോ രാജ്യത്തും പ്രത്യേക നിയമങ്ങൾ നിലവിൽ വന്നു.

1979 ൽ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ നിയമം ഇൻഡ്യയിൽ നിർമ്മിക്ക പ്പെട്ട ഒരു പ്രധാന നിയമം ആണ്.

എന്നാൽ ഈ നിയമവ്യവസ്ഥകൾ പാലിക്കുവാൻ തൊഴിലുടമകളും, നിയ മപരിരക്ഷ ഉറപ്പ് വരുത്തുവാൻ ബന്ധപ്പെട്ട അധികാരികളും തയ്യാറാകുന്നില്ല. വിദ്യാഭ്യാസത്തിന്റെ കുറവും, വ്യത്യസ്ത ഭാഷകളും, വേതനത്തിലെ വ്യത്യാസ ങ്ങളും, രൂക്ഷമായ തൊഴിലില്ലായ്മയും, ദാരിദ്ര്യവുംമൂലം നിയമലംഘനത്തി ലൂടെ ഈ വിഭാഗം തൊഴിലാളികൾ വലിയ രീതിയിൽ ചൂഷണത്തിന് വിധേയ രാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 35 ലക്ഷത്തോളം തൊഴിലാളികൾ കേരള ത്തിൽ മാത്രം പണിയെടുക്കുന്നു എന്നാണ് കണക്ക്. ഇവർക്ക് ലഭിക്കുന്ന വേത നത്തിന്റെ സിംഹഭാഗവും തങ്ങളുടെ സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കപ്പെടു ന്നു. ഇതനുസരിച്ച് ഒരു തൊഴിലാളി 10000 രൂപാ പ്രതിമാസം അയയ്ക്കുന്നു എങ്കിൽ 35 ലക്ഷംപേർ പ്രതിവർഷം അയയ്ക്കുന്ന തുക 42000 കോടിവരും. ഈ സംസ്ഥാനത്തെ വാണിജ്യമേഖലയിൽ ചിലവഴിക്കേണ്ട തുകയാണ് ഈ വിധ ത്തിൽ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നത്. ഈ രീതി മറ്റ് സംസ്ഥാനങ്ങ ളിലും തുടരുന്നെങ്കിലും കേരളത്തിലെ അവസ്ഥയും ആയി താരതമ്യം ചെയ്യു മ്പോൾ അത്ര ഗുരുതരമല്ല.

ആയതിനാൽ ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന - വേതന വ്യവസ്ഥകൾ 1979 ലെ നിയമം അനുശാസിക്കുംവിധം കർശനമായി പാലിക്കപ്പെടുവാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണം.

അമേരിക്ക ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലായി 3.5 കോടി ഇൻഡ്യക്കാർ പ്രവാസികളായുണ്ട്. ഇതിൽ 3.5 ലക്ഷം മലയാളികളും ഉൾപ്പെടുന്നു. പല രാജ്യങ്ങളിലേയും പ്രവാസികൾ തൊഴിൽപരമായും ജീവിതപരമായും ഗുരുതര പ്രശ്നങ്ങളാണ് നേരിടുന്നത്. താഴ്ന്ന നിലവാരത്തിലുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് പ്രധാനമായും ഈ പ്രതിസന്ധി. ഇടനിലക്കാരുടെയും റിക്രൂട്ടിംഗ് ഏജൻസികളുടെയും ചൂഷണം വളരെ വ്യാപകമാണ്. ഇത് ഐക്യരാഷ്ട്രസഭയുടെ പൊതുതത്വങ്ങൾക്കും, ഐ.എൽ.ഒ.യുടെ തീരുമാനങ്ങൾക്കും, നിർദ്ദേശങ്ങൾക്കും എതിരാണ്.

ആയതിനാൽ പ്രവാസിവകുപ്പിനെ ശക്തിപ്പെടുത്തി അതാതുരാജ്യങ്ങളുമായി ബന്ധപ്പെട്ട് അന്തർദേശീയ കൂടിയാലോചനകളിലൂടെ ഈ വിഷയത്തിന് പരിഹാരമുണ്ടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു. ഇതിനാവശ്യമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുവാൻ സംസ്ഥാന സർക്കാരിനോടും ആവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ ശക്തമായ ഇടപെടൽ നടത്തണമെന്ന് ബഹു. പാർലമെന്റ് അംഗങ്ങളോടും, നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.



**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

### ജിഗ് വർക്കേഴ്സിനെയും, പ്ലാറ്റ്ഫോം വർക്കേഴ്സിനെയും സംരക്ഷിക്കുവാൻ പ്രത്യേക നിയമനിർമ്മാണം നടത്തണം

രാജ്യത്തെ തൊഴിൽ നിയമങ്ങൾപ്രകാരം വ്യവസായ വാണിജ്യമേഖലകളിൽ പെർമനെന്റ്, പ്രൊബേഷണർ, ട്രെയിനി, കാഷ്വൽ, ബദലി വിഭാഗം തൊഴിലാളികളാണ് നിലവിലുണ്ടായിരുന്നത്. ഇതിന് പുറമെ കരാർ വിഭാഗം തൊഴിലാളികൾ വ്യാപകമായപ്പോൾ 1970 ൽ നിയമംമൂലം ഇത് നിരോധിക്കപ്പെട്ടു. എന്നാൽ ഈ നിയമം ലംഘിച്ച് ഇപ്പോഴും കരാർ മേഖല സജീവമായിരിക്കുന്നു. ഇതിന് പുറമെ ജിഗ് വർക്കേഴ്സ് എന്നും, പ്ലാറ്റ്ഫോം വർക്കേഴ്സ് എന്നും രണ്ട് വിഭാഗങ്ങൾകൂടി ഇന്ന് പുതുതായി വന്നിരിക്കുന്നു. തൊഴിലുടമ ആരെന്നോ, തൊഴിലുടമ എവിടെയാണെന്നോ ആർക്കും യാതൊരറിവും ഇല്ല. നിയമനത്തിനും, വേതനത്തിനും, പിരിച്ചുവിടലിനും യാതൊരു വ്യവസ്ഥയും ഇല്ല. എല്ലാം നിയന്ത്രിക്കുന്നത് ആധുനിക സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട 'APP'കളാണ്. കഠിനമായി രാവും പകലും ജോലിചെയ്യിപ്പിക്കുക, വേതനം നൽകാതിരിക്കുക, ചെയ്ത ജോലിക്ക് പ്രതിഫലം നൽകാതിരിക്കുക എന്നിവ ഈ രംഗത്ത് വ്യാപകമാണ്. വലിയ കമ്പനികളുടെ പേരും പെരുമയും പറഞ്ഞും ആരംഭത്തിൽ വലിയ പ്രലോഭനങ്ങൾ നൽകിയും ആണ് യുവതീയുവാക്കളെ ഈ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നത്. വാഹനത്തിന്റെ മുതൽമുടക്കും, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാങ്കേതിക ഉപകരണങ്ങളുടെ മുതൽമുടക്കും ബാങ്ക് വായ്പയിലാകുമ്പോൾ ഏത് തരം സമ്മർദ്ദത്തിനും വഴങ്ങി 'APP'കൾ നിർദ്ദേശിക്കുന്നതനുസരിച്ച് ജോലികൾ ചെയ്യാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. ഇൻഡ്യൻ യുവത്വത്തെ ജീവിതനൈരാശ്യത്തിലേയ്ക്ക് തള്ളിവിടുന്ന തൊഴിൽ സംസ്കാരമാണിത്. ഇതിനെ കർശനമായി നിയന്ത്രിക്കുവാൻ ഭരണകൂടം തയ്യാറാകണം.

ഈ നിയമനിർമ്മാണത്തിനായി പാർലമെന്റിലും നിയമസഭയിലും ശബ്ദം ഉയർത്തുവാനും നിയമനിർമ്മാണത്തിന ഈ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇൻഡ്യയിൽ കൃത്യമായ രജിസ്ട്രേഷൻ ഉണ്ടാകണം. സ്ഥാപനത്തിന് പ്രാദേശികമായി ഓഫീസ് ഉണ്ടായിരിക്കണം. തൊഴിലുടമ ആരെന്നും പ്രാദേശികതലത്തിൽ സ്ഥാപന നിയന്ത്രണ മാനേജ്മെന്റ് ഉദ്യോഗസ്ഥരാണെന്നും, ഓരോ ജീവനക്കാരനും അറിവുണ്ടായിരിക്കണം. നിയമിക്കപ്പെടുന്ന

മുഴുവൻ ജീവനക്കാരുടെയും നിയമനരേഖകളും, വേതന–സേവന വ്യവസ്ഥകളുടെ രേഖകളും ഉണ്ടായിരിക്കണം. EPF, ESI, ഗ്രാറ്റുവിറ്റി, ബോണസ്സ് തുടങ്ങിയ തൊഴിൽ നിയമങ്ങൾ അനുസരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. പരാതികൾ ഉണ്ടായാൽ പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാകണം. ജോലിസമയത്തിന് കൃത്യതയുണ്ടാകണം. പിരിച്ചുവിടലും അച്ചടക്ക നടപടിയും നിയമാനുസൃതം മാത്രം നടത്താൻ പാടുള്ളൂ തുടങ്ങിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി തൊഴിലാളി സംരക്ഷണം ഉറപ്പ് വരുത്തുന്ന പുതിയ ഒരു നിയമം ഈ മേഖലയ്ക്കായി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര - സംസ്ഥാന സർക്കാരുകളോട്ആവശ്യപ്പെടുന്നു.

ഇതിനായി സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാനും ബഹു. പാർലമെന്റ് അംഗങ്ങളോടും നിയമസഭ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## തൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം

രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ മുഖ്യപങ്ക് നിർവ്വഹിക്കുന്നത് സംഘടിത മേഖലയിലെ 12 കോടിയും അസംഘടിതമേഖലയിലെ 53 കോടിയും ഉൾപ്പെടുന്ന 65 കോടിയോളം വരുന്ന തൊഴിലാളികളുടെ അദ്ധ്വാനമാണ്. സംസ്ഥാനത്തെ ആകെ തൊഴിലാളികൾ 1.7 കോടിയാണ്. ഇതിൽ 1.55 കോടി അസംഘടിത മേഖലയിൽ ജോലിചെയ്യുന്നു. ഇവരുടെ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾക്കുള്ള ഏക സംവിധാനമാണ് വിവിധ ക്ഷേമനിധികൾ. തൊഴിലാളി തൊഴിലുടമ അംശാദായം നൽകി നടപ്പിലാക്കപ്പെടുന്ന ഈ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ നിലവിൽ വളരെ പരിതാപകരമായ അവസ്ഥയിലാണ്. തൊഴിലുടമകൾ അടയ്ക്കേണ്ട ക്ഷേമനിധി വിഹിതം കൃത്യമായി അടയ്ക്കപ്പെടുന്നില്ല. നിർമ്മാണ മേഖലയിലെയും, സ്വർണ്ണാഭരണ മേഖലയിലെയും സെസ് പിരിവ് നിശ്ചലാവസ്ഥയിലാണ്. പല ക്ഷേമനിധികളിലെയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. പെൻഷൻ ആനുകൂല്യം മാസങ്ങളായി മുടങ്ങിയിരിക്കുന്നു. ക്ഷേമനിധികളിൽ തൊഴിലാളികൾക്ക് അംഗത്വം നൽകുന്നതിലും, അവരെ പങ്കാളികളാക്കുന്നതിലും തൊഴിലുടമകൾ തടസ്സങ്ങൾ സൃഷ്ടിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ നടപടികൾ സ്വീകരിക്കുന്നില്ല.

ആയതിനാൽ ഓരോ മേഖലയിലും അർഹരായ മുഴുവൻ തൊഴിലാളികളെയും അതാതു ക്ഷേമനിധികളിൽ അംഗങ്ങളാക്കുവാനും, ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുവാനും കൃത്യമായി നൽകുവാനും എല്ലാ ക്ഷേമനിധികളുടെയും പെൻഷൻ ആനുകൂല്യം 5000 രൂപയായി വർദ്ധിപ്പിക്കുവാനും, മുടക്കം കൂടാതെ കൃത്യമായി ഇത് വിതരണം ചെയ്യുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനായി സമ്മർദ്ദം ചെലുത്തുവാൻ ബഹു. നിയമസഭാംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ

## INTUC സംസ്ഥാന റാലിയും സമ്മേളനവുമായി ബന്ധപ്പെട്ട് 2023 ഡിസംബർ 30 ന് തൃശ്ശൂർ ശ്രീ. ശങ്കര ഹാളിൽ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയം

## സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിൽ അടിയന്തിരനിയമനം നടത്തണം

നിരവധി വേക്കൻസികൾ കേന്ദ്രസർക്കാരിലെ വിവിധ വകുപ്പുകളിലും, റെയിൽവെ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുണ്ട്. അഭ്യസ്തവദ്യരായ കോടിക്കണക്കിന് യുവതീയുവാക്കൾ നിലനിൽക്കുമ്പോഴാണ് വളരെ ബോധപൂർവ്വം ഈ ഒഴിവുകൾ നികത്തപ്പെടാതിരിക്കുന്നത്. നിലവിലെ പുത്തൻനയത്തിന്റെ പേരിൽ ഫിക്സഡ് ടേം നിയമനം നൽകി ഈ വേക്കൻസികളിലെ സ്ഥിരം നിയമനം ഒഴിവാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ വ്യക്തമായ തെളിവാണ് 'അഗ്നിവീർ' നിയമന പദ്ധതി പ്രഖ്യാപിച്ച് കര, നാവിക, വ്യോമസേനയിൽ 5 വർഷത്തേയ്ക്ക് നിയമനം നടത്തിയ രീതി. ഇത് സേനയിൽ തുടങ്ങി മറ്റെല്ലാരംഗത്തും പ്രാവർത്തികമാക്കുവാനുള്ള ഗൂഢാലോചനയിലാണ് ഭരണകൂടം. ഇതുമൂലം തുച്ഛമായ ആനുകൂല്യങ്ങൾ നൽകിയാൽ മതി. റിസർവേഷൻ എന്ന ഭരണഘടനാ വ്യവസ്ഥകൾ ലംഘിക്കാം. തങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കാം. തൊഴിലിടങ്ങളിൽ യാതൊരു സേവനചട്ടങ്ങളും പാലിക്കേണ്ടതില്ല. ജീവനക്കാരെ അടിമകൾക്ക് സമാനമായി ഭരണകൂട ഇംഗതികൾക്ക് മാത്രമായി ജോലിചെയ്യിക്കാം. സേവനത്തിലും മറ്റാനുകൂല്യങ്ങളിലും വൻ നേട്ടം സർക്കാരിനുണ്ടാക്കാം.ഇതിനു പിന്നാലെ പഴയകാല കങ്കാണി സമ്പ്രദായത്തിന് സമാനമായി കോൺട്രാക്ടർമാരായി ഇടനിലക്കാരെ വച്ച് എല്ലാം ബാദ്ധ്യതകളിൽ നിന്നും സർക്കാരിന് ഒഴിഞ്ഞുമാറാം. ഈ ചിന്തകളാൽ ഇന്ന് ഭരണകൂടം നയിക്കപ്പെടുന്നു. ഇത് സൃഷ്ടിക്കുന്ന സാമൂഹ്യ അനീതിയും അസമത്വങ്ങളും അതിഭീകരമാണ്.

ഭരണകൂടത്തിന്റെ നയപരമായ കാര്യങ്ങൾ ജനാധിപത്യസമ്പ്രദായത്തിൽ പാർലമെന്റും, നിയമസഭകളും തീരുമാനിക്കുന്നതിന് പകരം അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളായ IMF ഉം, വേൾഡ് ബാങ്കും, വിരലിലെണ്ണാവുന്ന ചില സമ്പന്ന കോർപ്പറേറ്റുകളും തീരുമാനിക്കുന്ന അവസ്ഥയുണ്ടാകുമ്പോൾ ഇതിനും അതിനപ്പുറവും കാണുകയും, കേൾക്കുകയും, അനുഭവിക്കുകയും ചെയ്യേണ്ടിവരും.ഇത്തരം ഭരണകൂട നടപടികൾ ജനവിരുദ്ധമാണ്. രാജ്യവിരുദ്ധമാണ്.

ആയതിനാൽ ഉപദേശകരുടെ നിർദ്ദേശങ്ങളെക്കാൾ ഉപരി രാജ്യം തുടർന്നുവന്ന ഇൻഡ്യൻ സംസ്കാര സാമ്പത്തിക സാമൂഹ്യ സർക്കാർ സേവന രീതികൾ കൃത്യമായി പാലിച്ചും, ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ചും നിലവിലെ മുഴുവൻ ഒഴിവുകളിലും അഭ്യസ്ഥവിദ്യരും, അർഹരുമായ യുവതീയുവാക്കൾക്ക് സ്ഥിരം നിയമനം നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രതിനിധി സമ്മേളനം ഈ പ്രമേയത്തിലൂടെ കേന്ദ്ര -സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുന്നു.

ഇതിനാവശ്യമായ സമ്മർദ്ദം പാർലമെന്റിലും നിയമസഭയിലും ശക്തമായി ഉന്നയിച്ച് സർക്കാരുകളെ ക്കൊണ്ട് അനുകൂല നടപടികൾ സ്വീകരിപ്പിക്കുവാൻ ബഹു. പാർലമെന്റ് അംഗങ്ങളോടും നിയമസഭ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയം ഐക്യകണ്ഠേന സംസ്ഥാന പ്രതിനിധി സമ്മേളനം അംഗീകരിച്ചു.

**ആർ. ചന്ദ്രശേഖരൻ**
അദ്ധ്യക്ഷൻ